# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

2003 ജനുവരി 28, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

### അടിയന്തിര പ്രമേയം

**28.1.03-ന് സി.ഐ.ടി.യു നടത്തുന്ന ഉപരോധ സമരം**

**മി. സ്പീക്കർ:** സംസ്ഥാനത്തെ അഞ്ച് ലക്ഷത്തിലധികം വരുന്ന തൊഴിലാളി കളും അവരുടെ കുടുംബാംഗങ്ങളും തങ്ങളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് കിട്ടുന്നതിനുവേണ്ടി ഇന്ന് രാവിലെ 6 മണി മുതൽ ജില്ലാ കളക്ടറേറ്റുകളും സെക്രട്ടേറിയറ്റും ഉപരോധിച്ചതുമൂലം ഭരണ സംവിധാനമാകെ സ്തംഭിച്ചിരി ക്കുകയാണ്. സമാധാനപരമായി സമരം നടത്തുന്ന തൊഴിലാളികൾക്കെതിരെ പോലീസ് സ്വീകരിക്കുന്ന പ്രകോപനപരമായ നിലപാടുകളുടെ ഫലമായി ഉളവായിട്ടുള്ള പ്രക്ഷുബ്ധവും ഗുരുതരവുമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, കെ.പി. രാജേന്ദ്രൻ, സി.കെ.നാണു,

എ.സി.ഷൺമുഖദാസ്, വി.സി.കബീർ, കോവൂർ കുഞ്ഞുമോൻ, ഡോ.കെ.സി.ജോസഫ് എന്നിവർ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

**മുഖ്യമന്ത്രി** **(ശ്രീ.എ.കെ.ആന്റണി)** തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കണമെന്ന ആവശ്യവുമായി സി.ഐ.റ്റി..യു–ന്റെ ആഭിമുഖ്യത്തിൽ 28.1.2003–ന് സംസ്ഥാനവ്യാപകമായി കളക്ടറേറ്റുകളും സെക്രട്ടേറിയറ്റും ഉപരോധിക്കാൻ തീരുമാനമെടുത്തു. മുൻകാലങ്ങളിൽ ഉപരോധ സമരംമൂലം പൊതുജനങ്ങൾക്കും ജീവനക്കാർക്കും വ്യാപാരസ്ഥാപനങ്ങൾക്കും സമരക്കാർ ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട്.; നാശനഷ്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അതിന്റെ യൊക്കെ വെളിച്ചത്തിൽ സമര രീതി മാറ്റണമെന്ന് ആവശ്യപ്പെട്ട് സി.ഐ.റ്റി.യു. സംസ്ഥാന ജനറൽ സെക്രട്ടറിക്ക് ഡി.ജി.പി. 14.1.2003–ന് ഒരു നോട്ടീസ് നൽകി. അതിനു മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ നിലവിലുള്ള ഹൈക്കോടതി വിധിക്കനുസൃതമായി സമര രീതി മാറ്റുന്നതിന് സി.ഐ.റ്റി.യു നേതൃത്വത്തിന് ഉത്തരവ് നൽകണമെന്ന് കാണിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് ഹർജി നൽകി. അല്ലാതെ സമരം നിരോധിക്കാൻ ഹർജി നൽകിയിട്ടില്ല. ഹർജിക്ക് നൽകിയ മറുപടിയുടെ വെളിച്ചത്തിൽ ഉപരോധം സമാധാനപരമായിരിക്കു മെന്നാണ് ഗവൺമെന്റ് വിശ്വസിക്കുന്നത്. ഈ സാഹചര്യത്തിൽ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ:** കേരളത്തിലെ ലക്ഷക്കണക്കിന് തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നങ്ങളാണ് സി.ഐ.റ്റി.യു–ന്റെ നേതൃത്വത്തിൽ ഒന്നര മാസം മുമ്പ് മുഖ്യമന്ത്രിക്ക് നിവേദനമായി സമർപ്പിച്ചത്. മാത്രമല്ല ഇതു സംബന്ധിച്ച് സമരപ്രഖ്യാപനവും നടത്തി. എന്നിട്ടും ആവശ്യങ്ങളെപ്പറ്റി ചർച്ച ചെയ്യാനോ ഈ സമരം ഒഴിവാക്കാനോ

മുഖ്യമന്ത്രിയുടെഭാഗത്തു നിന്നും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. പരമ്പരാഗത വ്യവസായ മേഖലയോട് ഈ ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനം തികച്ചും തൊഴിലാളിവിരുദ്ധമാണ്. ഇരുപത് മാസം കൊണ്ട് ആറ് ലക്ഷം തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടു. നൂറിൽപ്പരം തൊഴിലാളികൾ ആത്മഹത്യ ചെയ്തു. തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾക്ക് ഗവൺമെന്റ് പരിഹാരം ഉണ്ടാകാത്ത സാഹചര്യത്തിലാണ് തൊഴിലാളികൾ ഉപരോധ സമരം നടത്തുന്നത് കളക്ടറേറ്റുകളും സെക്രട്ടേറിയറ്റും തൊഴിലാളികൾ പിടിച്ചെടുക്കാൻ പോകുന്നുവെന്ന് വ്യാഖ്യാനിച്ച് സമരം നേരിടുന്നതിനുവേണ്ടി കളക്ടറേറ്റുകൾക്ക് മുമ്പിൽ യുദ്ധസമാനമായ അവസ്ഥയുണ്ടാക്കിയിരിക്കുന്നു. ഡി.ജി.പി. പല രീതിയിലുള്ള നിർദ്ദേശങ്ങൾ തൊഴിലാളികൾക്ക് കൊടുത്തിരിക്കുന്നു. കേരളത്തിലെ തൊഴിലാളിവർഗ്ഗം ചരിത്രം സൃഷ്ടിച്ചിട്ടുള്ള വരാണ്. കേരളത്തിന്റെ സമര ചരിത്രത്തിൽ മാറ്റം വരുത്തിയ തൊഴിലാളികൾ ഡി.ജി.പി.യുടെ നിർദ്ദേശം കണ്ട് ഭയന്നോടുന്നവരല്ലെന്ന് തെളിയിച്ചുകഴിഞ്ഞു. നഗരങ്ങളിൽ കുടിക്കാൻ വെള്ളമില്ലാത്ത ഇന്നത്തെ സന്ദർഭത്തിൽ സെക്രട്ടേറിയറ്റിനു മുമ്പിൽ 12,000 ലിറ്റർ വെള്ളം നിറച്ച ജലപീരങ്കി ഒരുക്കിയിരിക്കുന്നു. ഈ ഗവൺമെന്റ് തൊഴിലാളി വർഗ്ഗത്തിനെതിരായി യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു. ഭീഷണിക്കുമുമ്പിൽ വഴങ്ങുന്നവരല്ല തൊഴിലാളിവർഗ്ഗം. ഭരണനേതൃത്വം തൊഴിലാളികളെ അടിച്ചമർത്താൻ തയ്യാറായി നിലകൊള്ളുന്നു. സമരങ്ങളുണ്ടാ കുമ്പോൾ സിആർ.പി.സി. ആക്ട് അനുസരിച്ച് നടപടി സ്വീകരിക്കുന്നതിനുപകരം സമരക്കാരെ അടിച്ചമർത്തുന്ന പ്രവണത അനുവദിക്കാനാവില്ല. പി.ഡി.പി.യുടെ നേതൃത്വത്തിൽ അക്രമം നടത്തിയപ്പോൾ അതിനെ നേരിടാൻ കഴിയാതിരുന്നത് ഗവൺമെന്റിന്റെ കഴിവുകേടാണ്. സമരം നിരോധിക്കണമെന്നാവശ്യപ്പെട്ട് ഡി.ജി.പി. കോടതിയിൽ പോയപ്പോൾ

ഹൈക്കോടതി ഗവൺമെന്റിനെതിരായി വിധിയെഴുതുകയുണ്ടായി. കണ്ണൂരിൽ ഇന്ന് രാവിലെ സമരത്തിന് പോയ തൊഴിലാളികളെ പോലീസ് തടഞ്ഞു. പോലീസാണ് പ്രകോപനം സൃഷ്ടിക്കുന്നത്. കേരളത്തിലെ തൊഴിലാളികളുടെ വികാരം ഗവൺമെന്റ് മനസ്സിലാക്കണം. കയർ, കൈത്തറി, കശുവണ്ടി, ബീഡി എന്നീ പരമ്പരാഗത മേഖലകളിലെ തൊഴിലാളികളുടെ അവസ്ഥ വളരെ ദയനീയമാണ്. അവരെ സഹായിക്കാൻവേണ്ടി, അവരുടെ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ഒരു പാക്കേജ് പദ്ധതി പ്രഖ്യാപിക്കുകയും ചെയ്യണം. ഗുരുതരമായ ഈ അവസ്ഥാവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

**മുഖ്യമന്ത്രി** (**<u>ശ്രീ. എ.കെ. ആന്റണി</u>**): കഴിഞ്ഞ നാലഞ്ചുവർഷങ്ങളായി സാമ്പത്തികരംഗത്ത് പൊതുവിലും കാർഷിക പരമ്പരാഗതമേഖലകളിൽ പ്രത്യേകിച്ചും തകർച്ചയുടെ അന്തരീക്ഷമുണ്ടായിരുന്നു. ട്രഷറികളിൽ വണ്ടി ചെക്കുകളുമായി അലഞ്ഞുനടക്കുന്ന അന്തരീക്ഷമുണ്ടാക്കി. ഇന്ന് സാമ്പത്തിക രംഗത്ത് മെച്ചപ്പെട്ട മാറ്റങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുന്നു. കാർഷികമേഖലയിലും കഴിഞ്ഞ നാലഞ്ചു മാസമായി ഉണർവ്വുണ്ടാക്കാൻ കഴിഞ്ഞു. റബ്ബർ, ഏലം, കുരുമുളക്, നെല്ല് തുടങ്ങിയ കാർഷികോല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കാൻ തുടങ്ങിയിരിക്കുന്നു. തേയില, കാപ്പി, അടയ്ക്ക എന്നിവ ഉൾപ്പെടെ കാർഷിക മേഖലയിൽ ഇപ്പോഴും പ്രശ്നങ്ങളുണ്ട്. വിലയിടിവ്മൂലം കുറേയേറെ തേയില തോട്ടങ്ങൾ പൂട്ടിയിട്ടു. എന്നാൽ മുൻപ് ഒരു ഗവൺമെന്റും ചെയ്യാത്ത വിധത്തിൽ പല പ്രാവശ്യം ചർച്ച ചെയ്ത് പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമങ്ങൾ നടത്തുകയുണ്ടയി; ഇപ്പോഴും അത് തുടർന്നുകൊണ്ടിരിക്കുകയാണ്. തോട്ടം മേഖല.യിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ

ശ്രമിക്കുകയും കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് ചില നടപടികൾ പ്രഖ്യാപിക്കുകയും ചെയ്തു. കാപ്പക്സിന്റെ കീഴിലുള്ള പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തനം ആരംഭിച്ചു. . കശുവണ്ടി മേഖലയിലെ മറ്റ് പ്രശ്നങ്ങളും പരിഹരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. മത്സ്യമേഖലയിലെ തൊഴിലാളികൾക്ക് പെൻഷൻ കുടിശ്ശികയും മറ്റാനുകൂല്യ ങ്ങളും നല്കി. കേരളത്തിലെ അടയ്ക്കാ കൃഷിക്കാർക്ക് ആശ്വാസം നല്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്:; അതിനുവേണ്ടി പണം നീക്കിവച്ചിട്ടുണ്ട്. പരംപരാഗത മേഖലയിൽ ഇപ്പോഴും പ്രശ്ന ങ്ങളുണ്ട്. പരംപരാഗത മേഖലയ്ക്ക് കൂടുതൽ ഊന്നൽ കൊടുത്ത് പ്രശ്നങ്ങ ൾക്ക് പരിഹാരം കാണാൻ ശ്രമിക്കുമെന്ന് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ഇന്നത്തെ സമരത്തിന്റെ നോട്ടീസ് കിട്ടിയതിനു ശേഷം വിവിധ തൊഴിലാളി യൂണിയൻ നേതാക്കളുമായി സംസാരിച്ചു. നിഷേധാത്മകമായ ഒരു സമീപനം ഗവൺമെന്റ് സ്വീകരിക്കുന്നില്ല.. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോഴുണ്ടായിരുന്ന സ്ഥിതിയല്ല ഇന്ന് കാർഷിക മേഖലയിലും പരംപരാഗത മേഖലയിലുമുള്ളത്. കാർഷിക മേഖലയിൽ വീണ്ടും ജീവന്റെ ചലനങ്ങൾ ഉണ്ടായിത്തുടങ്ങിയിരിക്കുന്നു. പ്രതിപക്ഷ പാർട്ടികളു മായും ട്രേഡ് യൂണിയൻ നേതാക്കളുമായും സംസാരിച്ച് നിർദ്ദേശങ്ങൾ സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാണ്. സമന്വയത്തിന്റെ പുതിയ വികസന ദിശാബോധമാണ് സംസ്ഥാനത്തിനാവശ്യം. ഈ രാജ്യത്തിലെ പതിനായിര ക്കണക്കിന് പാവപ്പെട്ടവരെയാണ് ഉപരോധസമരമുറകൊണ്ട് ദ്രോഹിക്കുന്നത്. അക്രമങ്ങൾ ഉണ്ടാകാത്ത രീതിയിൽ നിയമാനുസരണം സമരം ചെയ്യാൻ ആവശ്യപ്പെടണമെന്നാണ് ഹൈക്കോടതി ആവശ്യപ്പെട്ടത്. കഴിഞ്ഞ പത്തു ദിവസത്തെ ഉപരോധ കാലത്ത് പത്തനംത്തിട്ടയിലേയും തൃശ്ശൂരിലേയും

കോടതികൾക്ക് പ്രവർത്തിക്കുവാൻ കഴിഞ്ഞില്ല. സമരം സമാധാനപരമായി രിക്കുമെന്ന് ശ്രീ. പി.കെ. ഗുരുദാസൻ നല്കിയ പക്വമായ മറുപടി കോടതി വിശ്വാസത്തിലെടുത്തിരിക്കുന്നു. ഹൈക്കോടതിക്ക് കൊടുത്ത ഉറപ്പ് ഗവൺമെന്റ് മുഖവിലയ്ക്ക് എടുക്കുന്നു. ഇന്നത്തെ ഉപരോധ സമരത്തിൽ അക്രമമുണ്ടാകുക യില്ലെന്ന് ഗവൺമെന്റ് വിശ്വസിക്കുന്നു. ഈ സാഹചര്യത്തിൽ സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, കെ.പി. രാജേന്ദ്രൻ, ഡോ. എ. നീലലോഹിതദാസൻ നാടാർ, ഡോ. കെ.സി. ജോസഫ് എന്നീ പ്രതിപക്ഷകക്ഷി നേതാക്കന്മാർ പ്രസ്താവനകൾ

നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തു പോവുകയും അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരാവുകയും ചെയ്തു.)

ശ്രദ്ധ ക്ഷണിക്കൽ

1. <u>**സർക്കാർ വകുപ്പുകളിലെ പുനർവിന്യാസം**</u>

<u>**ശ്രീ. പി.പി. ജോർജ്ജ്**</u>: സർക്കാർ വകുപ്പുകളിലെ പുനർവിന്യാസം വൈകുന്നതുമൂലം പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് ലഭിക്കാൻ കാലതാമസം നേരിടുന്നതുകൊണ്ട് കാലാവധി കഴിയാറായ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഫെബ്രുവരി 6 മുതൽ

ആറുമാസത്തേയ്ക്കുകൂടി നീട്ടിക്കൊടുക്കാൻ പി.എസ്.സി.യോട് അഭ്യർത്ഥിക്കാൻ ഗവൺമെന്റ് തീരുമാനിച്ചത് ഉദ്യോഗാർത്ഥികളുടെ ആശങ്ക ഒഴിവാക്കാൻ സഹായിക്കും. അതനുസരിച്ച് ഫെബ്രുവരി 6-ന് കാലാവധി കഴിയുന്ന റാങ്ക് ലിസ്റ്റുകൾക്ക് ആഗസ്റ്റ് 5 വരെ എക്സ്റ്റൻഷൻ കിട്ടും; എന്നാൽ 6 മാസത്തിനുള്ളിൽ വേക്കൻസി റിപ്പോർട്ട് ചെയ്ത് നിയമനം നടത്തിയില്ലെങ്കിൽ ഈ എക്സ്റ്റൻഷൻകൊണ്ട് യാതൊരു പ്രയോജനവുമില്ല. ലാസ്റ്റ് ഗ്രേഡ്, എൽ.ഡി.സി., എൽ.ഡി. ടൈപ്പിസ്റ്റ് തുടങ്ങിയ വേക്കൻസികളൊന്നും ഇപ്പോൾ ഗവണ്മെന്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല. ഇതിലേയ്ക്ക് നിയമനം നടത്തേണ്ടതില്ലെന്നാണ് വകുപ്പുതലവന്മാരുടെ നിർദ്ദേശം. കോടതിയിൽ കേസ് കൊടുക്കുന്നവർക്ക് അനുകൂലമായ വിധി കിട്ടുകയും അവരെ നിയമിക്കുകയും ചെയ്യുന്നുണ്ട്. അപ്പോൾ തസ്തികകൾ ഇല്ലാത്തതുകൊണ്ടല്ല നിയമനം നടത്താത്തതുകൊണ്ടാണ്. അതുകൊണ്ട് സർക്കാർ വകുപ്പുകളിലെ പുനർവിന്യാസം ത്വരിതപ്പെടുത്തുകയും അതുവഴി ഒഴിവുകളുള്ള തസ്തികയിൽ നിയമനം നടത്താൻ കർശന നടപടി സ്വീകരിക്കുകയും വേണം.

**മുഖ്യമന്ത്രി (<u>ശ്രീ. എ.കെ. ആന്റണി</u>):** വിവിധ വകുപ്പുകളിൽ ഉദ്യോഗസ്ഥ പുനർവിന്യാസ നടപടികൾ നടന്നുവരുന്നതിനാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് നിയമന ശുപാർശ ലഭിച്ചവർക്ക് നിയമനം നൽകാൻ താമസം നേരിട്ടിട്ടുണ്ട്. അത് പരിഗണിച്ച് കാലാവധി അവസാനിക്കുന്ന എല്ലാ റാങ്ക് ലിസ്റ്റുകളുടേയും സാധുത ഒരു വർഷത്തേയ്ക്ക്കൂടി നീട്ടണമെന്ന സർക്കാരിന്റെ അഭ്യർത്ഥനയിന്മേൽ 6-2-2002-ലും 4-2-2003-നുമിടയ്ക്ക് കാലാവധി തീരുന്ന എല്ലാ റാങ്ക് ലിസ്റ്റുകളുടേയും സാധുത 5-2-2003 വരെ നീട്ടിക്കൊണ്ട് പി.എസ്.സി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. കാലാവധി അവസാനിക്കുന്ന റാങ്ക്

ലിസ്റ്റുകളുടെ കാലാവധി 6 മാസം കൂടി നീട്ടുന്നതിന് പി.എസ്.സി.യോട് അഭ്യർത്ഥിക്കാൻ സർക്കാർ തീരുമാനിച്ച് കത്തെഴുതിയിട്ടുണ്ട്. അതിന്മേലുള്ള പി.എസ്.സി.യുടെ തീരുമാനം അറിവായിട്ടില്ല. നേരത്തേ സർക്കാർ ശുപാർശ പ്രകാരം കാലാവധിയുള്ള ലിസ്റ്റുകൾക്ക് 5–2–2003 വരെ പ്രാബല്യം ഉണ്ടായിരിക്കും. ഇതേ തസ്തികകൾക്ക് പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചാലും അവയ്ക്ക് 6–2–2003 മുതലേ പ്രാബല്യം ഉണ്ടാവുകയുള്ളൂ. 6 മാസം കൂടി കാലാവധി നീട്ടുന്നതിനുള്ള സർക്കാരിന്റെ അഭ്യർത്ഥന പി.എസ്.സി. അംഗീകരിക്കുകയാണെങ്കിൽ അത് സ്വാഭാവികമായും 6–2–2003 മുതൽ ആയിരിക്കും. ചട്ടപ്രകാരം 3 വർഷം കാലാവധിയുള്ള ലിസ്റ്റ് പരമാവധി ഒരു വർഷം കൂടിയാണ് നീട്ടിക്കൊടുത്തത്. പുനർവിന്യാസ നടപടികൾമൂലം ഉദ്യോഗാർത്ഥികൾക്കുണ്ടായ ബുദ്ധിമുട്ട് പരമാവധി കുറയ്ക്കുന്നതിന് വീണ്ടും ആറുമാസം കൂടി നീട്ടിക്കൊടുക്കണമെന്നാണ് ഗവണ്മെൻറ് അഭ്യർത്ഥിച്ചിട്ടുള്ളത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം 31–12–2002 വരെ 33,255 പേർക്ക് പി.എസ്.സി.യിൽ നിന്നും നിയമന ശുപാർശ അയച്ചിട്ടുണ്ട്. ഒഴിവുള്ള മുഴുവൻ തസ്തികകളിലും നിയമനം നടത്താനാണ് ഗവണ്മെന്റ് നിർദ്ദേശിച്ചിട്ടുള്ളത്.

## (2) <u>കോൾ വികസന പദ്ധതി നടപ്പിലാക്കാനും കോൾ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും നടപടി</u>

**<u>ശ്രീ. കെ.പി. രാജേന്ദ്രൻ:</u>** തൃശൂർ ജില്ലയിലെ മുപ്പതിനായിരത്തോളം വരുന്ന കോൾ നിലങ്ങളിലെ നെൽ കർഷകരെ ബാധിക്കുന്ന അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങളാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. തൃശൂർ ജില്ലയിലെ എം.എൽ.എ.മാരും കോൾ കർഷകസംഘങ്ങളും ഉൾപ്പെടെ നെൽ

കർഷകരെ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയത്തിനതീതമല്ലാതെ എല്ലാപേരും ഒരുമിച്ച് ഇക്കാര്യത്തിൽ വിലപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും മുഖ്യമന്ത്രിക്കും കൃഷി വകുപ്പുമന്ത്രിക്കും നല്കിയിട്ടുണ്ട്. കഴിഞ്ഞ 20 മാസത്തിനിടയിൽ ഇതുസംബന്ധിച്ച് ചർച്ച നടത്താൻ തയ്യാറാകാത്ത സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ജില്ലയിലുള്ള കോൾ കർഷക സംഘത്തിന്റെ പ്രതിനിധികളും നെൽ കർഷകരും 27–1–2003–ന് സെക്രട്ടേറിയറ്റ് നടയിൽ പ്രകടനം നടത്തി. അവർക്ക് പമ്പിംഗ് സബ്സിഡിയും ഉല്പാദന ബോണസും ഉൾപ്പെടെ കോടിക്കണക്കിന് രൂപയുടെ കുടിശ്ശിക കിട്ടാനുള്ളത് വിതരണം ചെയ്യണം. വിവിധ പാടശേഖര സമിതികളിൽനിന്നും കർഷകർക്ക് ലഭിച്ച ലക്ഷക്കണക്കിന് രൂപയുടെ ചെക്കുകളൊന്നും ട്രഷറിയിൽ നിന്നും മാറുന്നില്ല. നബാർഡിന്റെ സഹായത്തോടുകൂടി ചിമ്മിനി ഡാമിൽ നിന്നും കരിവണ്ണൂർ പുഴയിലേയ്ക്ക് വെള്ളമെത്തിക്കുന്ന ബൃഹത്തായ ഒരു പദ്ധതിയുടെ ഒന്നാം ഘട്ടം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തുവെങ്കിലും രണ്ടാം ഘട്ടം പണി പൂർത്തിയായാൽ മാത്രമേ ഉദ്ദേശിക്കുന്ന ഇരുപ്പൂകൃഷി ചെയ്യാൻ കഴിയുകയുള്ളു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അംഗീകരിച്ച നബാർഡിന്റെ 42 കോടി രൂപയുടെ ധനസഹായത്തോടുകൂടിയ പദ്ധതി പൂർത്തിയാക്കിയാൽ മാത്രമേ കോൾ നിലങ്ങൾക്ക് ഉദ്ദേശിക്കുന്ന ഫലം ഉണ്ടാവുകയുള്ളു. ഹൈലെവൽ എന്ന പേരിൽ പുതിയ കനാൽ പണിയാനുള്ള തീരുമാനം നടപ്പിലാക്കണം. നെല്ലിന് ക്വിന്റലിന് 750 രൂപ കിട്ടുന്ന രീതിയിൽ സംഭരണ വില പ്രഖ്യാപിക്കണം. ഗുരുവായൂർ വാട്ടർസപ്ലൈ സ്കീം പുതുതായി ഗ്ലോബൽ മീറ്റിലേയ്ക്ക് പരസ്യം ചെയ്തുവെങ്കിലും കരിവണ്ണൂർ പുഴയിലെ വെള്ളം ഉപയോഗിച്ച് ഒരു കൊമേഴ്സ്യൽ ഗുരുവായൂർ വാട്ടർ സപ്ലൈ സ്കീം നടപ്പാക്കാൻ നിർദ്ദേശിച്ചിരിക്കുകയാണ്. അവിടെ തടാകവും റെഗുലേറ്ററുംകൂടി വന്നാൽ

കോൾ മേഖല മുഴുവൻ വറ്റിവരണ്ടുപോകും. ഇത്രയും ഗുരുതരമായ വിഷയത്തിന്മേൽ മുഖ്യമന്ത്രി മുൻകൈയെടുത്ത് ധനകാര്യ-ജലവിഭവ- കൃഷി വകുപ്പുമന്ത്രിമാർ ഉൾപ്പെടെ ചർച്ച ചെയ്ത് പ്രശ്നത്തിന് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കണം.

**കൃഷി വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ):** ഇത് സംബന്ധിച്ച് ആരേയും വിളിച്ച് ചർച്ച ചെയ്തില്ല എന്നു പറയുന്നത് ശരിയല്ല. ശ്രീ. രാജേന്ദ്രൻ ഉൾപ്പെടെയുള്ള അംഗങ്ങളെ വിളിച്ച് ചർച്ച ചെയ്ത് ചില നടപടികൾ എടുത്തിട്ടുണ്ട്. കോൾ കർഷക സംഘത്തെ വിളിച്ച് ചർച്ച ചെയ്യണമെന്നാണ് ഇന്നലെ തന്ന നിവേദനത്തിലെ ആവശ്യം. കോൾ നിലങ്ങളിലെ നെൽകൃഷിക്കാരുടെ കാര്യങ്ങൾ തീരുമാനിക്കുന്നതിന് ഒരു ബോർഡ് നിലവിലുണ്ട്. ഈ സർക്കാർ വന്നതിനുശേഷം ഈ ബോർഡ് പുനഃസംഘടിപ്പിച്ചിട്ടില്ല. കഴിഞ്ഞ വർഷം വരെയുള്ള പമ്പിംഗ് സബ്സിഡി കൊടുത്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പെഷ്യൽ പാക്കേജ് പദ്ധതിയിലെ തുക ഉൾപ്പെടെ കൊടുത്തുതീർക്കാൻ നടപടി എടുത്തിട്ടുണ്ട്. തൃശ്ശൂർ കോൾ മേഖലയിലെ സമഗ്ര വികസനത്തിനായി സർക്കാർ തൃശ്ശൂർ കോൾ നില വികസന ഏജൻസി രൂപീകരിക്കുകയും തൃശ്ശൂർ കോൾ നില വികസന പദ്ധതിയുടെ ഒന്നാം ഘട്ടം കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന പൂർത്തീകരിക്കുകയും ചെയ്തു. ഒന്നാം ഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കാത്ത പണികളായ ഫാം റോഡുകൾ, പൈപ്പ് സ്ളൂയിസുകൾ, എഞ്ചിൻ തറകൾ, പാലങ്ങൾ എന്നിവയും ബണ്ടുകൾ വീതികൂട്ടി ഗതാഗതയോഗ്യമാക്കൽ, കനാലുകളിൽ അടിഞ്ഞുകൂടിയ സിൽറ്റ് നീക്കം ചെയ്യൽ, പ്രധാന കനാൽ പൂർത്തീകരിക്കൽ, ബണ്ടുകളുടെ വശങ്ങൾ

കരിങ്കൽകെട്ടി സംരക്ഷിക്കൽ തുടങ്ങിയവയുമാണ് രണ്ടാം ഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 52.14 കോടി രൂപ എസ്റ്റിമേറ്റുള്ള രണ്ടാം ഘട്ട തൃശ്ശൂർ കോൾ നില വികസന പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് കെ.എൽ.ഡി.സി. തയ്യാറാക്കിയെങ്കിലും പദ്ധതിയുടെ അടങ്കൽ തുക കൂടുതലായതിനാലും പദ്ധതിച്ചെലവും പ്രയോജനവും തട്ടിച്ചുനോക്കുമ്പോൾ കാര്യക്ഷമത കുറവായതിനാലും പദ്ധതി ഇതുവരെ സർക്കാരിലേയ്ക്ക് അയച്ചിട്ടില്ല. ഈ പദ്ധതി പുന:പരിശോധനയ്ക്ക് വിധേയമാക്കി സമർപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. മുൻ സർക്കാർ ഈ പദ്ധതി അംഗീകരിച്ചുവെന്നത് ശരിയല്ല. തൃശ്ശൂർ കോൾ നിലങ്ങളിലെ ഹൈ ലവൽ കനാലിന്റെ നിർമ്മാണത്തിനുള്ള ഭരണാനുമതി 22–1–2001–ൽ സർക്കാർ നൽകിയെങ്കിലും ഇതിനുവേണ്ട തുക കണ്ടെത്തിയിരുന്നില്ല. 17–8–2002–ലെ ഒരു ഉത്തരവുപ്രകാരം 6.69 കോടി രൂപയുടെ അടങ്കൽ തുക വരുന്ന ഈ പദ്ധതി നബാർഡ് പദ്ധതിയായി ഐ.ആർ.ഡി.എഫ്–8–ൽ ഉൾപ്പെടുത്തുകയുണ്ടായി. എന്നാൽ നബാർഡിന്റെ നിർദ്ദേശമനുസരിച്ച് പ്രോജക്ട് റിപ്പോർട്ടിൽ അത്യാവശ്യമായ മാറ്റങ്ങൾ വരുത്തി വീണ്ടും സമർപ്പിക്കുന്നതിന് ഈ പദ്ധതിയുടെ റിപ്പോർട്ട് നബാർഡിന്റെ സൂക്ഷ്മ പരിശോധനയിലാണ്. ഇടബണ്ടുകൾ നീക്കം ചെയ്യുന്നതിനുള്ള ഡിസിൽറ്റിംഗിനുള്ള എസ്റ്റിമേറ്റുകൾ കെ.എൽ.ഡി.സി. കൃഷി വകുപ്പ് ഡയറക്ടറുടെ അംഗീകാരത്തിനായി സമർപ്പിച്ചത് പരിശോധിച്ചുവരുന്നു. കരിവണ്ണൂർ പുഴയിലെ റെഗുലേറ്ററും എട്ടുമനയിലെ റെഗുലേറ്ററും ജലസേചന വകുപ്പിന്റെ കീഴിലായതിനാൽ ഇക്കാര്യം ജലസേചന വകുപ്പ് ചീഫ് എഞ്ചിനിയറുടെ പരിഗണനയ്ക്ക് അയച്ചുകൊടുത്തു. എട്ടുമന റെഗുലേറ്റർ–കം–ബ്രിഡ്ജിന്റെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് കെ.എൽ.ഡി.സി തയ്യാറാക്കി കൃഷിവകുപ്പ് ഡയറക്ടറുടെ പരിഗണനയ്ക്ക് അയച്ചുതന്നിട്ടുണ്ട്.. ഇത് ഏറ്റവും

വേഗം പൂർത്തിയാക്കാനുള്ള നടപടികൾ എടുക്കുന്നതാണ്. ചണ്ടി, കുളവാഴ മുതലായവയുടെ വളർച്ച കോൾ ചാലുകളിലെ നീരൊഴുക്കിനെ കാര്യമായി തടസ്സപ്പെടുത്തുന്നു. മുൻ കാലങ്ങളിൽ ഇവ നീക്കുന്നതിന് ഇറിഗേഷൻ വകുപ്പിന് ഫണ്ട് അനുവദിച്ചിരുന്നു. എന്നാൽ കഴിഞ്ഞ മൂന്നുനാല് വർഷങ്ങളായി ഫണ്ട് ലഭ്യമല്ലാത്തതിനാൽ കെ.ഡി.എ.യുടെ പക്കലുള്ള മറ്റു ഫണ്ട് ഉപയോഗിച്ചാണ് ഈ പ്രവൃത്തി ചെയ്യുന്നത്. കെ.ഡി.എ.യുടെ പക്കൽ കൂടുതൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ത്രിതല പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.. "ഫുഡ് ഫോർ വർക്ക്" എന്ന സ്കീമിൽ ഉൾപ്പെടുത്തി ജനകീയ പങ്കാളിത്തത്തോടെ ജില്ലാ പ്ളാനിംഗ് ഓഫീസർ കൺവീനറായുള്ള ഒരു കമ്മിറ്റിയുടെ കീഴിൽ ഈ പ്രവൃത്തി ചെയ്യിപ്പിക്കുകയാണ്. കോൾ മേഖലയിലെ കർഷകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള കോൾ നില വികസന ഏജൻസിയുടെ ജനറൽ ബോഡി യോഗവും എക്സിക്യൂട്ടിവ് കമ്മിറ്റി യോഗവും സമയബന്ധിതമായി കൂടുകയും കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്യുന്നതിനുള്ള നടപടികൾ എടുക്കുന്നതാണ്.

## സബ്മിഷൻ

### 1. ചേലക്കര നിയോജകമണ്ഡലത്തിലെ മിനിമോളുടെ ദുരൂഹ മരണം

**ശ്രീ.കെ. രാധാകൃഷ്ണൻ**: ചേലക്കര നിയോജകമണ്ഡലത്തിലെ പ്ലാക്കോട്-അടയ്ക്കോട് പുത്തൻപുരയിൽ ശിവദാസന്റെ മകൾ മിനിമോൾ 2002 സെപ്റ്റംബർ 6-ാം തീയതി പട്ടാപ്പകൽ ദാരുണമായി കൊലചെയ്യപ്പെട്ടു.

ലോക്കൽ പോലീസിന്റെ അന്വേഷണത്തിൽ തെളിവുകൾ കണ്ടെത്തിയെങ്കിലും കുറ്റവാളികളെ ഇതുവരേയും അറസ്റ്റ് ചെയ്തിട്ടില്ലാത്തതിനാൽ ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിച്ച് കുറ്റവാളികളെ കണ്ടെത്താൻ നടപടി സ്വീകരിക്കണം.

**മുഖ്യമന്ത്രി (<u>ശ്രീ.എ.കെ.ആന്റണി</u>):** ഇൻഡ്യൻ ശിക്ഷാനിയമപ്രകാരം ചേലക്കര പോലീസ് സ്റ്റേഷനിൽ ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മിനിമോളുടെ കൊലപാതകത്തിന് ഉത്തരവാദികളായവരെ അറസ്റ്റ് ചെയ്യുന്നതിന് ചേലക്കര സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു പോലീസ് ടീം രൂപീകരിച്ച് ഊർജ്ജിതമായി അന്വേഷണം നടത്തിവരികയാണ്. ഈ കേസ് പ്രത്യേകം അന്വേഷിക്കുന്ന കാര്യത്തെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

**2. <u>സാക്ഷരതാ പ്രവർത്തകരുടെ ഓണറേറിയം</u>**

**<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u>** : സംസ്ഥാനത്തെ ഗ്രാമങ്ങളിൽ തുടർ വിദ്യാഭ്യാസ പരിപാടിയിൽ പ്രവർത്തിക്കുന്ന ആയിരക്കണക്കായ 'പ്രേരക്' ന് ലഭിക്കുന്ന നാമമാത്രമായ ഓണറേറിയം ലഭിക്കാതായിട്ട് മാസങ്ങളായി. ഇക്കാര്യത്തിൽ സർക്കാർ അടിയന്തിരമായി ഇടപെടണം.

**വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. നാലകത്ത് സൂപ്പി</u>):** കേന്ദ്ര സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയുടെ ഭാഗമായുള്ള തുടർ വിദ്യാഭ്യാസ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റാണ് ആദ്യത്തെ മൂന്ന് വർഷം സംഖ്യ

ചെലവഴിക്കേണ്ടത്. നടപ്പുവർഷത്തെ സംഖ്യ കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിച്ചിട്ടില്ല. 2665 പ്രവർത്തകർക്കായി 10,6,17,200 രൂപ കൊടുക്കാൻ ബാക്കിയുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നു. മാർച്ച് മാസത്തോടുകൂടി തുക ലഭ്യമാകുമെന്ന് കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്.

## 3. മേഴ്സി എന്ന കോളേജ് വിദ്യാർത്ഥിനിയെ സാമൂഹ്യ വിരുദ്ധർ കയ്യേറ്റംചെയ്ത നടപടി

**ശ്രീ. ബിനോയ് വിശ്വം** : ചേർത്തല തയ്ക്കാട്ടുശ്ശേരിയിൽ മേഴ്സി എന്ന 15 വയസ്സുകാരിയുടെ മുടി പട്ടാപ്പകൽ മുറിച്ച പ്രാകൃതമായ സംഭവം ക്രൈം ബ്രഞ്ചിനെക്കൊണ്ട് അന്വേഷിപ്പക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**മുഖ്യമന്ത്രി (ശ്രീ.എ.കെ.ആന്റണി)**: ചികിൽസയിൽ കഴിയുന്ന പെൺകുട്ടിയുടെ മൊഴി അനുസരിച്ച് നടത്തിയ അന്വേഷണത്തിൽ കുറ്റവാളികളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ലോക്കൽ പോലീസിന്റെ അന്വേഷണത്തിൽ കേസ് തെളിയാത്ത സാഹചര്യത്തിൽ ക്രൈംബ്രാഞ്ചിനെ ഏല്പിച്ചിരിക്കുകയാണ്.

## 4. തേയില വ്യവസായത്തിലെ പ്രതിസന്ധി

**ശ്രീ.ഇ.എം.അഗസ്തി** : ഇടുക്കി,വയനാട്,തിരുവനന്തപുരം ജില്ലകളിലെ ചില തേയില തോട്ടം ഉടമകൾ തോട്ടങ്ങളും ടീ കമ്പനികളും ഉപേക്ഷിച്ചു

പോകുകയാണ്. അതുമൂലം ഇരുപത്തയ്യായിരത്തോളം തൊഴിലാളികളും അവരുടെ കുടുംബങ്ങളും പട്ടിണിയിലാണ്. തൊഴിലാളികൾക്ക് സ്റ്റാറ്റ്യൂട്ടറിയായി കിട്ടേണ്ട ആനുകൂല്യങ്ങൾ കിട്ടുന്നില്ല. തൊഴിലാളികൾക്ക് ജോലിയും കൂലിയും ചികിൽസാ സഹായവും പ്രോവിഡന്റ് ഫണ്ടിൽ നിന്നുള്ള വായ്പയും ലഭിക്കുന്നില്ല. വൈദ്യുതിയും കുടിവെള്ളവുമില്ലാതെ കഷ്ടപ്പെടുന്ന തൊഴിലാളികളെ രക്ഷിക്കാൻ ഗവണ്മെന്റ് ചില പരിശ്രമങ്ങൾ നടത്തിയെങ്കിലും പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടില്ല. അതുകൊണ്ട് തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനും തോട്ടങ്ങൾ ഉപേക്ഷിച്ചു പോകുന്ന പ്രവണത അവസാനി പ്പിക്കാനും നടപടി സ്വീകരിക്കണം.

**തൊഴിൽ വകുപ്പുമന്ത്രി <u>(ശ്രീ. ബാബു ദിവാകരൻ)</u>** തോട്ടം മേഖലയിലെ പ്രതിസന്ധി അവസാനിപ്പിക്കാൻ പരിമിതിയിൽ നിന്നുകൊണ്ട് സർക്കാരിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്. തേയിലയുടെ മാർക്കറ്റ് വിലയും ലേലത്തിൽ പോകുന്ന വിലയുമായി ബന്ധപ്പെട്ടാണ് ഇതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നത്. ഈ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി മുഖ്യമന്ത്രി മുൻകൈയെടുത്ത് ഒരു സബ് കമ്മിറ്റി രൂപീകരിച്ച് കേന്ദ്ര ഗവണ്മെന്റിൽ നിവേദനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രശ്ന പരിഹാരത്തിന് ചില നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന ഗവണ്മെന്റ് സൗജന്യറേഷനും ചികിൽസാ സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് നടപടി യെടുക്കുകയും വെൽഫെയർഫണ്ട് ബോർഡിൽനിന്ന് ഏഴര ലക്ഷം രൂപ വിതരണം പെയ്യുകയും ചെയ്തിട്ടുണ്ട്. പ്രോവിഡന്റ് ഫണ്ട് സംബന്ധിച്ച തടസ്സങ്ങൾ നീക്കുന്നതിനും തൊഴിൽ നഷ്ടപ്പെട്ട സ്ത്രീ തൊഴിലാളികൾക്ക് കുടുംബശ്രീ പദ്ധതി വഴി വരുമാനമാർഗ്ഗങ്ങളുണ്ടാക്കുന്നതിനും നടപടികൾ

ആരംഭിച്ചിട്ടുണ്ട്. തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുഖ്യമന്ത്രി ചെയർമാനായി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് രൂപം കൊടുത്തിട്ടുണ്ട്.

**5. അപ്പർ കുട്ടനാട്ടിലെ നെൽപ്പാടങ്ങളിൽ വെള്ളം ലഭ്യമാക്കാൻ നടപടി**

**ശ്രീ. ടി.കെ. ദേവകുമാർ:** തകഴി, കരുവാറ്റ, ചെറുതന, വിയപുരം ഹരിപ്പാട് എന്നീ പഞ്ചായത്തുകളിലെ എണ്ണായിരത്തോളം ഏക്കർ സ്ഥലത്തെ നെൽക്കൃഷി നശിച്ചുകൊണ്ടിരിക്കുകയാണ്. ഏക്കർ ഒന്നിന് ആറായിരം രൂപ കൃഷിച്ചെലവുണ്ട്. അങ്ങനെ നാലുകോടി എൺപതു ലക്ഷം രൂപ ചെലവാക്കിയാൽ എട്ടുകോടി രൂപയുടെ നെല്ല് ഉല്പാദിപ്പിക്കാൻ കഴിയും. തോട്ടപ്പള്ളി പൊഴിയിലൂടെ ഉപ്പുവെള്ളം കയറുന്നതിനാൽ ഇരുപത്തഞ്ചു ദിവസം മുതൽ എഴുപതു ദിവസം വരെ പ്രായമായ നെൽച്ചെടികൾ നശിച്ചുപോകുന്ന നടപടിക്ക് പരിഹാരം കാണുന്നതിന് പമ്പാ ഡാം തുറന്നുവിട്ട് അപ്പർ കുട്ടനാടൻ മേഖലയിലെ കർഷകരെ രക്ഷിക്കണം.

**ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്.)** : കൃഷി വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടനുസരിച്ച് കൃഷിക്ക് ദോഷകരമായ രീതിയിൽ ഉപ്പുവെള്ള ത്തിന്റെ തോത് ഇല്ലെന്നാണ് മനസ്സിലാകുന്നത്. തോട്ടപ്പള്ളി സ്പിൽവേയുടെ ഷട്ടറുകൾ മണൽ ചാക്കിട്ട് അടച്ചിട്ടുണ്ട്.; തോട്ടപ്പള്ളി പൊഴിയും അടഞ്ഞിട്ടുണ്ട്. അപ്പർ കുട്ടനാടൻ പ്രദേശത്ത് ഉപ്പുവെള്ളം ഇപ്പോഴും കയറുന്നുണ്ട്. പമ്പാ ജലസേചന പദ്ധതിക്ക് സ്റ്റോറേജ് റിസർവോയറില്ല. ഡൈവർഷൻ ബാരേജ് മാത്രമാണുള്ളത്. അവിടേയ്ക്ക് മൂഴിയാർ പവർഹൗസിൽനിന്നും പുറംതള്ള പ്പെടുന്ന വെള്ളമാണ് എത്തിക്കൊണ്ടിരിക്കുന്നത്. അവിടെ വെള്ളമില്ലാത്തതാണ് ഇപ്പോൾ

ബുദ്ധിമുട്ടുണ്ടാകാൻ ഇടയായത്. ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി വെള്ളമെത്തിക്കാൻ ആവശ്യമായ ശ്രമം നടത്താം.

**6. <u>ഭവന നിർമ്മാണ പദ്ധതിക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കാൻ നടപടി</u>**

**<u>ശ്രീ. ഷിബു ബേബിജോൺ</u>**: കൊല്ലം ജില്ലാ പഞ്ചായത്തിന്റേയും ജനകീയ പാർപ്പിട പദ്ധതിയുടേയും അടിസ്ഥാനത്തിൽ 61 ഗ്രാമ പഞ്ചായത്തുകളും 13 ബ്ളോക്ക് പഞ്ചായത്തുകളും ചേർന്ന് മുപ്പതിനായിരം വീടുകൾക്ക് എഗ്രിമെന്റ് വച്ചു. പട്ടിണി പാവങ്ങളായ ആളുകൾ ഭവനങ്ങൾ പൊളിച്ചിട്ടിട്ട് രണ്ടാം ഗഡു കാത്തു നിൽക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. ഇക്കാര്യത്തിൽ മുൻഗണനാക്രമത്തിൽ ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് അടിയന്തിര നടപടിയുണ്ടാകണം.

**തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി** (**<u>ശ്രീ.ചെർക്കളം അബ്ദുള്ള</u>**): : ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള ജില്ലയിലെ മുഴുവൻ കുടുംബങ്ങൾക്കും വീട് നിർമ്മിക്കുന്നതിന് കൊല്ലം ജില്ലാ പഞ്ചായത്ത് ഹഡ്കോയുടെ സഹായത്തോടെ ജനകീയ പാർപ്പിട പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഇരുപത്തയ്യായിരം വീടുകൾക്ക് മുപ്പത്തയ്യായിരം രൂപവീതം ധനസഹായം നൽകി. രണ്ടാം ഘട്ടത്തിനാവശ്യമായ തുക ലഭ്യമാക്കാൻ ജില്ലാ പഞ്ചായത്ത് നടപടി സ്വീകരിച്ചുവെങ്കിലും ട്രഷറി നിയന്ത്രണംമൂലം തുക ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ ഹഡ്കോയിൽ നിന്നുള്ള ലോണിന്റെ കാലാവധി അവസാനിച്ചശേഷം ട്രഷറി ക്ളിയറൻസ് നൽകിയിട്ടുണ്ടെങ്കിലും ലോൺ നൽകാൻ ഹഡ്കോ തയ്യാറായിട്ടില്ല. ലോൺ കാലാവധി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കാനും ലോൺ അനുവദിക്കാനും ജില്ലാ പഞ്ചായത്ത് അഭ്യർത്ഥിച്ചിട്ടുണ്ട്.

ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ പിരപ്പൻകോട് മുരളി, കെ. നാരായണക്കുറുപ്പ്, കെ. സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പതിനൊന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക്
ബഹുമാനപ്പെട്ട സ്പീക്കർ നാമനിർദ്ദേശം ചെയ്തു.

മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

1. **മുഖ്യമന്ത്രി <u>(ശ്രീ. എ. കെ. ആന്റണി)</u>** : 2002–ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും(ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2003 ജനുവരി 28–ാം തീയതിവരെ ദീർഘിപ്പിക്കണമെന്ന പ്രമേയം
അവതരിപ്പിക്കുന്നു.
2. **സഹകരണ വകുപ്പുമന്ത്രി <u>(ശ്രീ. എം. വി. രാഘവൻ):</u>** 2002–ലെ കേരള സഹകരണ സംഘങ്ങളും കേരള സംസ്ഥാന സഹകരണ

കാർഷിക–ഗ്രാമീണ വികസന ബാങ്കുകളും (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2003 ജനുവരി 28–ാം തീയതി വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

3. **ഭക്ഷ്യവും സിവിൽ സപ്ളൈസുംവകുപ്പുമന്ത്രി (ശ്രീ.ജി. കാർത്തികേയൻ):** 2001–ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2003 ജനുവരി 28––ാം തീയതി വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

4. **ഭക്ഷ്യവും സിവിൽ സപ്ളൈസും വകുപ്പുമന്ത്രി (ശ്രീ.ജി.കാർത്തികേയൻ):** 2001–ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2003 ജനുവരി 28–ാം തീയതിവരെ ദീർഘിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

## റിപ്പോർട്ട് സമർപ്പണം

1. പത്താം നംപർ സബ്ജക്ട് കമ്മിറ്റിയുടെ 2002–ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു
2. ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ 1999–2000 വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.
3. ഒൻപതാം നംപർ സബ്ജക്ട് കമ്മിറ്റിയുടെ 2002–ലെ കേരള സഹകരണ സംഘങ്ങളും കേരള സംസ്ഥാന സഹകരണ കാർഷിക–ഗ്രാമീണ വികസന ബാങ്കുകളും (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

4. ഏഴാം നംപർ സബ്ജക്ട് കമ്മിറ്റിയുടെ 2001–ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

5. ഏഴാം നംപർ സബ്ജക്ട് കമ്മിറ്റിയുടെ 2001–ലെ കേരള കർഷകത്തൊഴിലാളി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

**ശ്രീ. കെ. നാരായണക്കുറുപ്പ്**: ''2003 ജനുവരി 24–ാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു'' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

**തൊഴിൽ വകുപ്പുമന്ത്രി (ശ്രീ.ബാബു ദിവാകരൻ)**: പ്രമേയത്തെ പിന്താങ്ങുന്നു.

**ശ്രീ. കെ. നാരായണക്കുറുപ്പ്:** സവിശേഷതകളാൽ ധന്യമായ ഒരു പ്രസംഗമാണ് ഗവർണ്ണർ നിയമസഭയിൽ നടത്തിയത്. ഇതിന് മുൻപ് ഒരിക്കലുമില്ലാത്തവിധം വളരെ ദീർഘമായ ഒരു പ്രസംഗമാണ് നടത്തിയത്. ആ പ്രസംഗത്തിന്റെ ഉള്ളടക്കത്തിൽ വെറും വാക്കുകൾ മാത്രമല്ല, പ്രതിഫലിച്ചിരുന്നത്, മറിച്ച് ഒരു ഗൗരവം മുഴങ്ങിനിന്നിരുന്നു. ദേശീയ ഗാനാലാപനത്തോടുകൂടി തുടങ്ങുകയും അവസാനിക്കുകയും ചെയ്ത പരിപാവനത അതിൽ നിഴലിച്ചു കാണാമായിരുന്നു. കഴിഞ്ഞ കാലങ്ങളിൽ

നിന്നും വ്യത്യസ്തമായി എപ്പോഴും ഒച്ചയുണ്ടാക്കുന്ന പ്രതിപക്ഷത്തെപ്പോലും നിശബ്ദരാക്കുന്ന വിധത്തിലുള്ള ഒരു രാഷ്ട്രീയ പ്രതിച്ഛായ ഗവർണ്ണറുടെ പ്രസംഗത്തിൽ കണ്ടിരുന്നു. മുൻ സർക്കാരുകളുടെ വീഴ്ചകളെ പഴിക്കാതെ ഗവൺമെന്റിന്റെ നയം തുറന്നു കാണിക്കത്തക്കരീതിയിലുള്ള ഒരു പ്രസംഗമാണ് ഗവർണ്ണർ നടത്തിയത്. വളരെയേറെ പ്രതിസന്ധികൾ നില നിന്ന ഒരു സാഹചര്യത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. അത്തരം സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറാൻ എല്ലാ ശ്രമങ്ങളും ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. തൊഴിലില്ലാത്തവർക്ക് തൊഴിൽ കൊടുക്കാനും വീട് ഇല്ലാത്തവർക്ക് വീട് നൽകാനും ഗവൺമെന്റിന് മറ്റൊരു മാർഗ്ഗവുമില്ലാതെ വന്നപ്പോഴാണ് എ.ഡി.ബി.യിൽ നിന്നും ലോൺ എടുക്കേണ്ടി വന്നത്. കഴിഞ്ഞ ഗവൺമെന്റാണ് എ.ഡി.ബി.യുമായി ചർച്ച നടത്തിയിരുന്നത്. എ.ഡി.ബി.യിൽ നിന്നും കടം വാങ്ങി ജനക്ഷേമകരമായ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. മറ്റ് പോംവഴികൾ ഇല്ലാതെ വന്ന സാഹചര്യത്തിൽ സർക്കാർ നടത്തിയ ഉദ്യമത്തെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. എ.ഡി.ബി.. വായ്പയെടുക്കാൻ തീരുമാനമെടുത്തത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. മാറി നിന്നുകൊണ്ട് എന്തും പറയുന്ന രീതി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഉപേക്ഷിക്കണം. എ.ഡി.ബി. വിരോധം ഉപേക്ഷിച്ചിട്ട് സംസ്ഥാനത്തിന്റെ ഭാവിയെപ്പറ്റി ഓർക്കണം. നാടിന്റെ പ്രശനങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്ന ഒരു നയപ്രഖ്യാപന പ്രസംഗമാണ് ഗവർണ്ണർ ഇവിടെ നടത്തിയത്. സർക്കാരിന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് നികുതിപിരിവ് ഊർജ്ജിതമാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. കോടിക്കണക്കിന് രൂപയുടെ കടം ഉണ്ടാക്കിയിട്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഇറങ്ങിപ്പോയത്. 2000–2001–ൽ 70.36 കോടി രൂപ

പിരിച്ചെടുത്തു. ഒരുവർഷംകൊണ്ട് 24,589 പട്ടയം വിതരണം ചെയ്തു. ഇടുക്കി, കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ ആദിവാസി കുടുംബങ്ങൾക്ക് വീടുണ്ടാക്കാൻ ഭൂമി നൽകി. കാലഘട്ടത്തിനനുസൃതമായ പരിഷ്ക്കരണ പദ്ധതികൾ റവന്യൂ വകുപ്പിൽ നടപ്പിലാക്കി. പ്രകൃതിക്ഷോഭങ്ങൾമൂലം നാശനഷ്ടങ്ങൾ ഉണ്ടായപ്പോൾ ആളുകളെ മാറ്റിപ്പാർപ്പിക്കാനും വസ്ത്രം, ഭക്ഷണം, മരുന്ന് തുടങ്ങിയവ നൽകാനും കഴിഞ്ഞു. നിയമപരിഷ്ക്കരണ കമ്മിറ്റിയുടെ ആദ്യ റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞു. കഴിഞ്ഞസർക്കാർ അടിത്തറ ഇളക്കിയ ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം ജനോപകാരപ്രദമാക്കാൻ ഗവൺമെന്റിന് കഴിഞ്ഞു. മൈത്രീഭവന നിർമ്മാണ പദ്ധതിക്ക് ഉൾക്കൊള്ളിച്ച പണം വകമാറി ചെലവഴിച്ചതുമൂലം വീടുകൾ പൂർത്തിയാക്കാൻ കഴിഞ്ഞിരുന്നില്ല. 21,991 വീടുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂർത്തീകരിച്ചു. 45.27കോടി രൂപ സംസ്ഥാന ഹൗസിംഗ് ബോർഡിൽനിന്നും വീടുവയ്ക്കാൻ നൽകുകയുണ്ടായി. റവന്യു റിക്കവറിയുടെ കാര്യത്തിൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം 65 ശതമാനം വർദ്ധനവുണ്ടായി. ഈ കാലഘട്ടത്തിൽ 145.57 കോടി രൂപ പിരിച്ചെടുത്തു. 140.91 കോടി രൂപ ഹഡ്കോയ്ക്ക് തിരിച്ചടച്ചു. (35 പ്ലോട്ടുകളും 34 വീടുകളും 21 ഫ്ളാറ്റുകളും അലോട്ടു ചെയ്ത് കഴിഞ്ഞു.) കോതമംഗലം, ചങ്ങനാശ്ശേരി, തിരുവല്ല, അടൂർ എന്നിവിടങ്ങളിൽ റവന്യൂ ടവറുകളുടെ നിർമ്മാണം പൂർത്തിയാക്കി. വീടുകളും ഫ്ളാറ്റുകളും വാങ്ങാൻ ഹയർ പർച്ചേസ് വ്യവസ്ഥയിൽ കുറഞ്ഞ പലിശയ്ക്ക് ബാങ്ക് ലോണുകൾ നൽകാൻ ഏർപ്പാടുണ്ടാക്കി. ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കൂടിയ പലിശനിരക്കിൽ ഭവനനിർമ്മാണ ബോർഡ് വാങ്ങിയ വായ്പകൾ ബാങ്കുകളുടെ സഹായത്തോടെ തിരിച്ചടയ്ക്കാൻ നടപടികൾ സ്വീകരിച്ചു. ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത്

ഹഡ്കോയിൽനിന്നും എടുത്ത 712 കോടി രൂപ എങ്ങനെ ചെലവഴിച്ചു എന്ന് പരിശോധിക്കണം. നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങൾ പ്രാവർത്തികമാക്കാൻ പ്രതിപക്ഷം സഹകരിക്കണം.

സർവ്വശ്രീ ബിനോയ് വിശ്വം, എൻ.രാജൻ, പി.എസ്.സുപാൽ, എം.കുമാരൻ, മാങ്കോട് രാധാകൃഷ്ണൻ, കെ.പി. മോഹനൻ, കോവൂർ കുഞ്ഞുമോൻ, കെ. വി. കുഞ്ഞിരാമൻ, പിരപ്പൻകോട് മുരളി, എം. വി. ജയരാജൻ, ടി. കെ.ബാലൻ, ടി. കെ. ദേവകുമാർ, മഞ്ഞളാംകുഴി അലി, മത്തായി ചാക്കോ, രാജു എബ്രഹാം, വി. ചെന്താമരാക്ഷൻ, വി. കെ. ചന്ദ്രൻ, ഡോ: തോമസ് ഐസക്ക്, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, ശ്രീമതി ഗിരിജാ സുരേന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നന്ദി പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു.

**ഡോ: തോമസ് ഐസക്ക്**: നന്ദി പ്രമേയത്തെ എതിർക്കുന്നു. അഞ്ചു ലക്ഷം തൊഴിലാളികൾ ഇന്ന് സെക്രട്ടേറിയേറ്റിനും കളക്ടറേറ്റുകൾക്കും മുൻപിൽ സമരത്തിലാണ്. ആ സമരത്തോട് ഗവൺമെന്റിന്റെ സമീപനം എന്താണെന്നും വ്യക്തമാണ്. ഈ സർക്കാരിന്റെ നയം തുറന്നു പ്രഖ്യാപിക്കാനുള്ള ആർജ്ജവമില്ല. സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള ഒരു മറുപടിയാണ് മുഖ്യമന്ത്രി അടിയന്തിരപ്രമേയത്തിന് നൽകിയത്. സമരം നിരോധിക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടില്ലെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. സി.ഐ.ടി..യു.-ന്റെ സെക്രട്ടേറിയറ്റ് ഉപരോധവുമായി ബന്ധപ്പെട്ട് ഡി.ജി.പി. എടുത്ത നിലപാടിനെ ന്യായീകരിച്ചുകൊണ്ട് നിയസഭയിൽ നടത്തിയ പ്രസ്താവന പിൻവലിക്കു വാനുള്ള ആർജ്ജവം മുഖ്യമന്ത്രി പ്രകടിപ്പിക്കണം. ഉദ്യോഗ സ്ഥൻമാർ തയ്യാറാക്കുന്ന നയപ്രഖ്യാപന പ്രസംഗം വായിച്ച്

നയപരമായ തീരുമാനമെടുക്കു വാനുള്ള ചുമതല രാഷ്ട്രീയ നേതൃത്വത്തിനുണ്ടാകേണ്ടതാണ്; പക്ഷേ അത് ഇവിടെ ഉണ്ടായിട്ടില്ല.. നയപ്രഖ്യാപന പ്രസംഗത്തിലൂടെ പ്രതിപക്ഷത്തിനോട് ആവശ്യപ്പെടുന്നത് സമവായം ഉണ്ടാക്കണമെന്നാണ്. വികസന കാര്യത്തിൽ പോലും ഈ ഗവൺമെന്റിന്റെ നയങ്ങളുടെ അടിസ്ഥാനത്തിൽ ഒരു സമവായം സാദ്ധ്യമല്ല. ഏത് കാര്യമായാലും മെരിറ്റിന്റെ അടിസ്ഥാനത്തിൽ സഹകരിക്കാൻ പ്രതിപക്ഷം എപ്പോഴും തയ്യാറാണ്.. അതുകൊണ്ടാണ് പ്രതിപക്ഷ നേതാവ് ഗ്ളോബൽ ഇൻവെസ്റ്റർ മീറ്റിൽ പങ്കെടുത്തുകൊണ്ട് നിലപാട് വ്യക്തമാക്കിയത്. ഗവൺമെന്റ് സമവായത്തിന് വേണ്ടി ശ്രമിക്കുന്നു. പക്ഷേ പ്രതിപക്ഷം സഹകരിക്കുന്നില്ല എന്നുള്ള നിലപാടാണ് ഇവിടെ സ്വീകരിച്ചുവരുന്നത്. സർക്കാരിന്റെ സങ്കുചിത വീക്ഷണത്തിന്റേയും അസഹിഷ്ണതയുടേയും ഏറ്റവും നല്ല പ്രതീകമാണ് കേരള വികസന പദ്ധതി. അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ചും ഭരണ പരിഷ്ക്കരണത്തെ സംബന്ധിച്ചും കേരളത്തിൽ അഭിപ്രായ സമന്വയമുണ്ടാക്കുന്നതിനു പകരം കേരള മോഡണൈസിംഗ് ഗവൺമെന്റ് പ്രോഗ്രാം എന്ന് പറഞ്ഞ് എല്ലാ നികൃഷ്ടമായ തൊഴിലാളി വിരുദ്ധ നയങ്ങളേയും കൂട്ടിക്കുഴച്ച് സഹകരണം അസാദ്ധ്യമാക്കുന്ന നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. നയപ്രഖ്യാപന പ്രസംഗത്തിന്റെ യഥാർത്ഥ സ്വഭാവം യാഥാർത്ഥ്യബോധം ഇല്ലായമയാണ്. സ്വാമിനാഥൻ കമ്മിറ്റി റിപ്പോർട്ടിൽ കാർഷികമേഖലയെ സംരക്ഷിക്കുന്നതിനെ ക്കുറിച്ചും ഡബ്ളിയു.. ടി. ഒ. കരാർ പുതുക്കുന്നതിനെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. അതിൽ സമവായം ആകാം, എന്നാൽ അത് ചോദിച്ചിട്ടില്ല.. കേന്ദ്ര സർക്കാർ നയം മാറ്റുമെന്നുള്ള പ്രത്യാശമൂലം പൊതുവിതരണ സംപ്രദായം നിഷ്ഫലമാക്കുകയാണ്. . പരംപരാഗത വ്യവസായങ്ങളെ സംരക്ഷിക്കാനാ

വശ്യമായ നടപടി സ്വീകരിക്കണം. മാച്ചിംഗ് ഗ്രാന്റ് വയക്കാത്തതിന്റെ ഫലമായി കയർ സംഘങ്ങൾക്ക് കേന്ദ്രത്തിൽനിന്നും കിട്ടേണ്ട പണം നഷ്ടപ്പെട്ടു. അതിന്റെ ഫലമായിട്ടാണ് കയർ മേഖലയിൽ ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടായിട്ടുള്ളത്. ഓരോ കാര്യത്തിലും അസഹിഷ്ണുതയുടെ പര്യായമായി ഈ ഗവൺമെന്റ് മാറിയിരിക്കുന്നു. കേരളത്തിലെ തൊഴിലാളികളാണ് വികസനപ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുന്നതെന്നുള്ള ഈ സർക്കാരിന്റെ അവകാശവാദം സ്വന്തം ഉത്തരവാദിത്വത്തിൽ നിന്നുള്ള ഒഴിഞ്ഞുമാറലാണ്. തൊഴിൽസമരങ്ങളിൽ കർശനമായി ഇടപെടുന്നതിന് പോലീസിന് നിർദ്ദേശം നൽകുമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. ഈ നയങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ സമവായമുണ്ടാകാൻ പോകുന്നില്ല. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ സ്വീകരിച്ച സമീപനമാണ് സ്വീകരിക്കുന്നതെങ്കിൽ വികസന കാര്യത്തിൽ ഭാവിയിൽ സർക്കാരിനോടുള്ള പ്രതിപക്ഷത്തിന്റെ സഹകരണം അസാദ്ധ്യമായിത്തീരുന്ന അവസ്ഥ സംജാതമാകും.

**<u>ശ്രീ.ജോർജ് ജെ.മാത്യു</u>**: നന്ദിപ്രമേയത്തെ പിന്താങ്ങുന്നു. നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിലാകുകയാണെങ്കിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കേരളത്തിൽ ഒരിക്കലും അധികാരത്തിൽ വരാൻ കഴിയാത്ത സ്ഥിതി ഉണ്ടാകും. ഒരു പ്രത്യേക പ്രത്യയശാസ്ത്രത്തിൽ ഉറച്ചു നിൽക്കുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നയങ്ങൾ ആഗോളവ്യാപകമായിട്ട് പരാജയത്തിലായിരുന്നുവെന്ന് സമ്മതിക്കേണ്ട ഗതികേടിലാണ് അവർ ചെന്നുനിൽക്കുന്നത്. ഈ ഗവൺമെന്റ് തൊഴിലാളി വിരുദ്ധ നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്നുള്ള പ്രതിപക്ഷ

പ്രചരണം അടിസ്ഥാനരഹിതമാണ്. ഒരു പുതിയ നയരൂപീകരണത്തിലൂടെ കേരള സംസ്ഥാനത്തെ മുന്നോട്ട് കൊണ്ടുപോകുക എന്ന കാഴ്ചപ്പാടാണ് നയപ്രഖ്യാപന പ്രസംഗത്തിലുടനീളം നിഴലിച്ചു കാണുന്നത്. ആധുനികവൽക്കരണത്തിലൂടെ മാത്രമേ കാർഷിക മേഖലയെ തകർച്ചയിൽനിന്ന് രക്ഷിക്കാൻ കഴിയുകയുള്ളൂ. നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള മാറ്റങ്ങൾ കാർഷിക രംഗത്ത് ഉണ്ടായില്ലെങ്കിൽ നമ്മുടെ രാജ്യത്തിന് നിലനിൽക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകും. കേരളത്തിലെ ജനങ്ങൾക്ക് ഒരു മെസ്സേജ് കൊടുക്കുക എന്നുള്ളതാണ് ''ജിം'' കൊണ്ടുദ്ദേശിക്കുന്നത്. നയങ്ങളിൽ സമൂലമായ മാറ്റം വരുത്തി ആന്റണി സർക്കാർ മുന്നോട്ടു പോകുമെന്നുള്ള സൂചനയാണ് ഇതുകൊണ്ട് നൽകിയത്. സാമ്പത്തിക രംഗത്ത് പുരോഗതി ഉണ്ടാക്കുന്നതിന് ഈ ഗവൺമെന്റ് യത്നിച്ചുകൊണ്ടിരിക്കുകയാണ്. ഈ രംഗത്തുള്ള കമ്മി 16 ശതമാനത്തോളം കുറയ്ക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. പുതിയ കാഴ്ചപ്പാടനുസരിച്ച് തൊഴിൽ നയങ്ങളിലും മാറ്റം വരുത്താനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. ഈവക കാര്യങ്ങളിൽ എല്ലാവരുടേയും സഹകരണം ഉണ്ടാകണം. പ്രത്യേക സർവ്വേയുടെ അടിസ്ഥാനത്തിൽ കാർഷിക മേഖലയിൽ ഏത് കൃഷി ചെയ്യണമെന്ന് തീരുമാനിക്കണം. ഉൽപ്പാദനക്ഷമത മാനദണ്ഡമായി സ്വീകരിച്ചുകൊണ്ടുള്ള കൃഷിരീതികൾ ആവിഷ്ക്കരിച്ചാൽ കൃഷി ലാഭകരമായി നടത്താൻ സാധിക്കും. കേരളത്തിലെ ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്ന കാര്യങ്ങളുമായിട്ട് ഈ ഗവൺമെന്റ് മുന്നോട്ടു പോകണം.

**ശ്രീ.ബിനോയ് വിശ്വം**: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഗവൺമെന്റിന്റെ നയങ്ങളെപ്പറ്റി പറയാത്ത ഒരു നയപ്രഖ്യാപന പ്രസംഗമാണിത്. വിവിധ

വകുപ്പുകളുടെ സഫലമാകാനിടയില്ലാത്ത പ്രവർത്തനലക്ഷ്യങ്ങളുടേയും സ്വപ്നങ്ങളുടേയും നീണ്ട പട്ടികയാണ് നയപ്രഖ്യാപന പ്രസംഗത്തിലുടനീളം വരച്ചുകാട്ടുന്നത്. വികസനത്തിന്റെ കാര്യത്തിൽ സമവായം വേണ്ടേ എന്നുള്ള നയപ്രഖ്യാപന പ്രസംഗത്തിലെ ചോദ്യത്തിൽ ഗവൺമെന്റിന് ആത്മാർത്ഥത യുണ്ടോ എന്ന് സംശയമുണ്ട്. എ.ഡി.ബി. വായ്പയുടെ കാര്യത്തിൽ സഭയേയും ജനങ്ങളേയും ഗവൺമെന്റ് വിശ്വാസത്തിൽ എടുത്തില്ല. തന്നിഷ്ടം മാത്രം അടിസ്ഥാനപ്പെടുത്തി മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റാണിത്. എ.ഡി.ബി. വായ്പയെക്കുറിച്ച് നിയമസഭയിൽ ചർച്ച അനുവദിക്കാമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത് സ്വാഗതാർഹമാണ്. അപ്പോഴെങ്കിലും പൊയ്മുഖം മാറ്റിവയ്ക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഗ്ലോബൽ ഇൻവെസ്റ്റർ മീറ്റിനെപ്പറ്റി കൊട്ടിഘോഷിക്കുന്നുണ്ടെങ്കിലും ഇവിടെ ഇൻവെസ്റ്റ്മെന്റ് നടത്താൻ ആരും വരാൻ പോകുന്നില്ല. ഗവൺമെന്റിന്റെ ഭൂസ്വത്തും സ്ഥാപനങ്ങളും 'ജിം '-ന്റെ മറവിൽ കൈയ്ക്കലാക്കാൻവേണ്ടി ചില ആളുകൾ ശ്രമം നടത്തുകയാണ്. എല്ലാ രംഗങ്ങളിലും വികസനമുണ്ടാകണം; അതിന്റെ അടിസ്ഥാനതത്വം man friendly ആയിരിക്കണം. സ്വകാര്യ-വിദേശ നിക്ഷേപങ്ങൾക്ക് എൽ.ഡി.എഫ്. എതിരല്ല. നിക്ഷേപത്തിന്റെ കാര്യത്തിൽ സ്വകാര്യമേഖലയ്ക്കും വിദേശ നിക്ഷേപകർക്കും വളരെയേറെ പങ്കുവഹിക്കാനുണ്ട്. വളർച്ചയ്ക്കുവേണ്ടി വിദേശ ടെക്നോളജി സ്വീകരിക്കാമെന്നതുതന്നെയാണ് എൽ.ഡി.എഫ്.-ന്റെ നിലപാട്. വിദേശ നിക്ഷേപമായാലും സ്വകാര്യ പങ്കാളിത്തമായാലും അവ സ്വീകരിക്കേണ്ടത് വ്യവസ്ഥകളോടും ഉപാധികളോടുംകൂടിയായിരിക്കണം ജനങ്ങളുടെ വികസനത്തിനും പുരോഗതിക്കുംവേണ്ടി മാത്രമാണെങ്കിൽ എൽ.ഡി.എഫ്. അതിനോട് യോജിക്കും. സുതാര്യമായ സമീപനമല്ല യു.ഡി.എഫ്. ഇക്കാര്യങ്ങളിൽ സ്വീകരിച്ചിരിക്കുന്നത്. ചുമട്ടുതൊഴിലാളികളാണ്

വികസനത്തിന്റെ ശത്രു എന്നാണ് ഇവിടെ പറഞ്ഞുപരത്തുന്നത്. സമ്പൂർണ്ണമായി തകർന്നിരിക്കുന്ന പരമ്പരാഗത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. ആഭ്യന്തര മാർക്കറ്റ് വികസിപ്പിക്കാൻ ശ്രമിക്കണം. പുഴയും കടൽ മണലുമൊക്കെ വിൽക്കാൻ ഖജനാവിലെ പണം മുടക്കി വിദേശമാദ്ധ്യമങ്ങളിൽ സർക്കാർ പരസ്യം ചെയ്തിരിക്കുന്നു. ഇങ്ങനെ പോയാൽ കേരളം എം.ഒ.യു.കളുടെ ശവപ്പറമ്പായി മാറും എന്ന കാര്യത്തിൽ സംശയമില്ല. സംസ്ഥാനത്ത് വികസനം വരണമെങ്കിൽ ക്രമസമാധാനം ഉണ്ടാകണം. പോലീസിന്റെ അൾട്ടിമേറ്റ് അതോറിറ്റി മുഖ്യമന്ത്രിയാണോ ഡി.ജി.പി. ആണോ എന്ന് വ്യക്തമാക്കണം. 'ജിം '-ൽ വച്ച് പ്രധാനമന്ത്രി നൽകാമെന്ന് വാഗ്ദാനം ചെയ്ത 10,000 കോടിരൂപ കടലാസിൽ മാത്രമേ ഉണ്ടാവുകയുള്ളൂ.

**<u>ശ്രീ. കെ.എൻ.എ. ഖാദർ</u>**: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. ഗവർണ്ണർ സഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗം ഒരു മാഗ്നാകാർട്ടയാണ്. പ്രതിപക്ഷനേതാവ് 'ജിം' -ൽ പ്രസംഗിച്ചത് കേട്ടാൽ അദ്ദേഹത്തിന്റെ ചിന്താഗതി സമവായത്തിന് അനുകൂലമാണെന്ന് മനസ്സിലാകും. കേരളത്തിന്റെ വികസന പ്രക്രിയയുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി നടത്തുന്ന പ്രവർത്തനങ്ങൾ ചരിത്രത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ഇതിനുവേണ്ടി ആത്മാർത്ഥതയോടും നിശ്ചയദാർഢ്യത്തോടുംകൂടി പ്രവർത്തിച്ചവരെ അഭിനന്ദിക്കണം. തൊഴിൽരഹിതരായ 44 ലക്ഷത്തോളം ചെറുപ്പക്കാരുടെ ഭാവിയെക്കുറിച്ച് ചിന്തിക്കുന്നവർക്ക് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തെ അനുകൂലിക്കാതിരിക്കാൻ കഴിയുകയില്ല. ഒരുലക്ഷം രൂപ കേരളത്തിൽ

മുതൽമുടക്കാൻ കഴിവില്ലാത്തവർ 26,000 കോടിരൂപയുടെ പുതിയ നിക്ഷേപ ലക്ഷ്യങ്ങളെ നിസ്സാരമായി കാണുന്നത് ശരിയല്ല. ഐ.ടി./ബി.ടി.മേഖല യിലുള്ള കേരളീയരുടെ കഴിവുകൾ ആരും മനസ്സിലാക്കാത്തതിനാൽ മിടുക്കന്മാരായ ചെറുപ്പക്കാർ ബംഗാളിലും കർണ്ണാടകയിലും പോയി ജോലി ചെയ്യുന്ന സ്ഥിതിയാണ് ഇന്നുള്ളത്. 2001–2002–ൽ നമ്മുടെ റവന്യൂ വരുമാനം 6439 കോടി രൂപ ഉണ്ടായിരുന്നതിൽ 4710 കോടി രൂപ ജീവനക്കാരുടെ ശമ്പളമിനത്തിലാണ് ചെലവാക്കിയത്. മറ്റ് വികസന പ്രവർത്തനങ്ങൾക്കായി അവശേഷിച്ചത് ആയിരം കോടിയിലധികം രൂപ മാത്രമാണ്. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാകണം. ബംഗാളിൽ നടപ്പിലാക്കിയ പരിഷ്ക്കാരങ്ങളും ആന്റണി സർക്കാർ നടപ്പിലാക്കിയ പരിഷ്ക്കാരങ്ങളും ഒരുപോലെയാണെന്ന് ബംഗാളിൽ നിന്നും അടുത്തകാലത്ത് കേരളത്തിൽ പര്യടനം നടത്തിയ എസ്.യു.സി.ഐ. നേതാവ് ശ്രീ. കൃഷ്ണ ചക്രവർത്തി പറഞ്ഞത് വളരെ ശ്രദ്ധേയമാണ്. എ.ഡി.ബി.യുടെ കരാർ കേരളത്തിനുവേണ്ടി ഇൻഡ്യാ ഗവണ്മെന്റിന്റെ പ്രതിനിധി ഒപ്പുവച്ചത് 2001 മേയ് 25–ാം തീയതിയാണ്. അതിനാൽ ഇതിന്റെ പിതൃത്വം കഴിഞ്ഞ ഇടതുമുന്നണി സർക്കാരിനാണ്. വസ്തുതകളെ ഉൾക്കൊണ്ടുകൊണ്ട് സകല മേഖലകളേയും സ്പർശിക്കുന്ന ഒന്നാണ് ഈ നയപ്രഖ്യാപന പ്രസംഗം. തദ്ദേശ സ്വയംഭരണം, വിദ്യാഭ്യാസം, വ്യവസായം എന്നീ വകുപ്പുകളിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ ഉൾക്കൊള്ളാനും ഐ.ടി.യുടെ അപാരമായ സാദ്ധ്യതകൾ ഉപയോഗിക്കാനും കഴിയണം. ചെറുപ്പക്കാർക്ക് നിലവിലുള്ള ജോലി നഷ്ടപ്പെടാതെ മുട്ടിവിളിക്കാൻ ഒരു വാതിൽ തുറന്നു കൊടുത്തത് "ജിം" നെ പോലെയുള്ള വികാസ പരിവർത്തന പദ്ധതികളാണ്. ശ്രീ. മുകേഷ് അമ്പാനി പതിനായിരം കോടി രൂപ മുതൽ മുടക്കി കേരളത്തിലെ 14 ജില്ലകളിലും റിലയൻസ് കമ്പനിയുടെ ഒപ്ടിക്കൽ ഫൈബർ കേബിൾ സ്ഥാപിച്ചതിനെ ആരും

എതിർത്തില്ല. മാർക്സിസത്തിന്റെ വ്യാഖ്യാനമനുസരിച്ച് മുതലാളിത്ത വികാസത്തിനു ശേഷമേ സോഷ്യലിസം വരികയുള്ളു. കേരളത്തിലെ ചരിത്രം പരിശോധിച്ചാൽ അര നൂറ്റാണ്ടുകാലം ഉണ്ടായിട്ടില്ലാത്ത അതിബൃഹത്തായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന മഹാ സംരംഭമാണ് ഈ നയം മാറ്റം. എ.ഡി.ബി., ''ജിം'' എന്നീ പരിഷ്ക്കാരങ്ങളുടെ കൂടെയാണ് ജനങ്ങൾ. ഐ.ടി/ബി.ടി. രംഗത്തും ശാസ്ത്ര .ലോകത്തും ഉള്ള മാറ്റങ്ങൾ ഉൾക്കൊള്ളാൻ നമുക്കു കഴിയണം.

**ഡോ. എ. നീലലോഹിതദാസൻ നാടാർ**: നന്ദിപ്രമേയത്തെ എതിർക്കുന്നു. രാഷ്ട്രീയ ദിശാബോധമില്ലാത്ത ഒരു നയപ്രഖ്യാപനമാണിത്. എ.ഡി.ബി. കരാറിലെ വ്യവസ്ഥകളനുസരിച്ചാണ് മുന്നോട്ടുപോകുന്നതെങ്കിൽ തെരഞ്ഞെടുപ്പിൽ രാഷ്ട്രീയ മുന്നണികൾ വയ്ക്കുന്ന പ്രകടന പത്രികയുടെ അടിസ്ഥാനത്തിൽ രാഷ്ട്രീയ കക്ഷികൾക്കോ മുന്നണികൾക്കോ ഭരണം മുന്നോട്ടു കൊണ്ടുപോകാൻകഴിയില്ല. അതുകൊണ്ടാണ് ഈ കരാർ വ്യവസ്ഥകളോ റിപ്പോർട്ടുകളോ അംഗീകരിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി തയ്യാറാകാത്ത്ത്. വിദേശ കുത്തകകൾക്ക് ഒത്താശ ചെയ്തു കൊടുക്കാനുള്ള ഒരു സംരംഭം എന്നതിനപ്പുറം ഇതിനകത്ത് ഒന്നുമില്ല.

**ശ്രീ. ഷിബു ബേബിജോൺ:** നന്ദിപ്രമേയത്തെ പിൻതാങ്ങുന്നു. പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് പ്രവർത്തിക്കുന്ന, സാമ്പത്തിക പ്രതിസന്ധി തരണം ചെയ്തുവരുന്ന ഒരു അവസ്ഥയിലും ഈ ഗവൺമെൻറ് കൈവരിച്ച നേട്ടം ശ്രദ്ധേയമാണ്. സംസ്ഥാനത്ത് വിദേശനിക്ഷേപകരെ ആകർഷിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറ് നടത്തിയ പരിശ്രമങ്ങൾ

വിഫലമായപ്പോൾ ജിം–ലൂടെ ഈ ഗവൺമെൻറിന് വ്യവസായികളേയും വിദേശനിക്ഷേപവും ആകർഷിക്കാൻ സാധിച്ചിരിക്കുന്നു. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ആരോഗ്യം, ഗതാഗതം, പൊതുവിതരണ സമ്പ്രദായം, വിദ്യാഭ്യാസം, ശുദ്ധജലവിതരണം തുടങ്ങിയ മേഖലകളിൽ മുൻപന്തിയിലാ യിരുന്ന കേരളം എൽ.ഡി.എഫ്. ഗവൺമെന്റ് കൊട്ടിഘോഷിച്ച ജനകീയ പദ്ധതിയുടെ പാളിച്ചകൊണ്ട് ഇന്ന് പുറകോട്ട് പോയിരിക്കുന്നുവെന്നുള്ള യാഥാർത്ഥ്യം ഗൗരവത്തോടെ കണ്ടുകൊണ്ട് ഈ രംഗങ്ങളിൽ ആവശ്യമായ പരിഷ്ക്കാരങ്ങൾ കൊണ്ടുവരാൻ തയ്യാറാകണം. എസ്.എസ്.എൽ.സി, പ്ളസ് ടൂ പരീക്ഷകൾ കഴിയുമ്പോൾ മൂന്നര ലക്ഷത്തോളം തൊഴിൽ രഹിതർ സംസ്ഥാനത്ത് ഉണ്ടാകുന്നു. ആയതിനാൽ എട്ടാം ക്ലാസ് മുതലുള്ള All Promotion സമ്പ്രദായം നിറുത്തലാക്കണം. ജോബ് ഓറിയന്റഡ് ആയിട്ടുള്ള വിദ്യാഭ്യാസം പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് നൽകണം. അഭ്യസ്തവിദ്യരായവർക്ക് കാർഷിക മേഖലയിലും മറ്റും പണിയെടുക്കാനുള്ള വൈമനസ്യം മാറ്റിയെടുക്കാനുള്ള നടപടിയുണ്ടാകണം. ഹയർ എഡ്യൂക്കേഷൻ രംഗത്ത് സ്വകാര്യ മേഖലയിൽ യഥേഷ്ടം മെഡിക്കൽ, എഞ്ചിനിയറിംഗ് കോളേജുകൾക്ക് എൻ.ഒ.സി. കൊടുക്കുന്ന സർക്കാർ മെരിറ്റ് അടിസ്ഥാനത്തിൽ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള അവസരം നിഷേധിക്കുക യാണെങ്കിൽ ആ കോളേജുകളുടെ എൻ.ഒ.സി. പിൻവലിക്കണം. ഇന്ന് പല എഞ്ചിനിയറിംഗ് കോളേജുകളിലും സീറ്റ് ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമുണ്ട്.. വിദ്യാഭ്യാസ നിലവാരം കുറഞ്ഞതാണ് അതിന് കാരണം. ആയതിനാൽ വിദ്യാഭ്യാസ രീതിയിൽ അടിസ്ഥാനപരമായ മാറ്റം വരുത്തണം. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ സമീപനങ്ങളുടെ ഫലമായി ചവറയിൽ സ്ഥിതി ചെയ്യുന്ന ഐ. ആർ.ഇ. യിലെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന

സാഹചര്യം സംജാതമായിരിക്കുന്നു. നീണ്ടകരയിൽനിന്ന് ഇൽമനൈറ്റ് കയറ്റിയയച്ചിരുന്നത് ഇപ്പോൾ കൊച്ചിയിൽനിന്ന് ആക്കിയത് തൊഴിലാളികളെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. വി.ആർ. എസ് വാങ്ങി പിരിഞ്ഞു പോയവരുടെ ആനുകൂല്യങ്ങൾ അനുവദിക്കാത്തതിലും പെൻഷൻ ആനുകൂല്യങ്ങൾ നടപ്പാക്കാത്തതിലും പ്രതിഷേധിച്ച് നാളെ മുതൽ ഐ.ആർ. ഇ.യുടെ പടിക്കൽ തൊഴിലാളികൾ നടത്താൻപോകുന്ന നിരാഹാര സമരത്തിൽ ഞാനും പങ്കെടുക്കുന്നതാണ്.

**<u>ശ്രീ. സ്റ്റീഫൻ ജോർജ്</u>**: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക കമ്മി 16 ശതമാനം കുറയ്ക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കാൻ ഗവൺമെന്റിന് കഴിഞ്ഞു. ഈ വർഷം ഗവൺമെന്റ് കൊടുത്ത ചെക്കുകളൊന്നും ഇൻവാലിഡേറ്റ് ചെയ്യേണ്ടി വന്നിട്ടില്ലെന്നുള്ളത് ശ്രദ്ധേയമാണ്. പഞ്ചായത്തിന് നൽകുന്ന വാർഷിക പദ്ധതി വിഹിതത്തിന്റെ ഒന്നാം ഗഡുവിൽ 75 ശതമാനം ചെലവഴിച്ചാൽ മാത്രമേ രണ്ടാമത്തെ ഗഡു കൊടുക്കുകയുള്ളുവെന്ന തീരുമാനത്തിനു വിരുദ്ധമായി ഈ വർഷം ഗവൺമെന്റ് രണ്ടാം ഗഡു കൊടുത്തത് നല്ല കാര്യമാണ്. റവന്യു കമ്മി കുറയ്ക്കാൻ കഴിഞ്ഞതും ഗവൺമെന്റിന്റെ ഒരു നേട്ടമാണ്. സാമൂഹ്യ പെൻഷൻ കുടിശ്ശിക ഈ ഗവൺമെന്റ് കൊടുത്തുകഴിഞ്ഞു. ഹയർ സെക്കന്ററി സീറ്റുകളുടെ എണ്ണം 20 ശതമാനം വർദ്ധിപ്പിച്ചു. ഉന്നത, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് മെഡിക്കൽ, എഞ്ചിനിയറിംഗ്, ദന്തൽ, നെഴ്സിംഗ് കോളേജുകൾ ആക്ഷേപത്തിന് ഇടയില്ലാത്തവിധം അനുവദിക്കാൻ കഴിഞ്ഞുവെന്നത് ഗവൺമെന്റിന്റെ നേട്ടമാണ്. അയ്യായിരത്തോളം വരുന്ന പ്ളസ് ടൂ അദ്ധ്യാപകർക്ക് 1999-2000 മുതലുള്ള ശമ്പളവും നിയമന

അംഗീകാരവും നൽകാൻ ഗവൺമെന്റിന് കഴിഞ്ഞു. സംസ്ഥാനത്ത് വിദേശ നിക്ഷേപകരെ ആകർഷിക്കാൻ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടത്തിയ പരിശ്രമങ്ങളെ വെല്ലുവിളിച്ചുകൊണ്ട് ഈ ഗവൺമെന്റ് സംഘടിപ്പിച്ച "ജിം'' ജനശ്രദ്ധ പിടിച്ചുപറ്റിയിരിക്കുന്നുവെന്നു മാത്രമല്ല, തൊഴിൽ മേഖലയെ പുഷ്ടിപ്പെടുത്തുകയും ചെയ്യും.

**<u>ശ്രീ. പി.ടി. തോമസ്</u>**: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ശാസ്ത്ര-സാങ്കേതിക, വിദ്യാഭ്യാസ തൊഴിൽ മേഖലകളിൽ സുസ്ഥിരമായ പുരോഗതി കൈവരിക്കുന്നതിനുള്ള ഒട്ടേറെ കാര്യങ്ങൾ ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. പരംപരാഗത മേഖലകൾ ശക്തിപ്പെടുത്താനുള്ള ദിശാബോധം ഈ നയപ്രഖ്യാപനത്തിലുണ്ട്. ധവളപത്രത്തിലൂടെ കേരളത്തിന്റെ യഥാർത്ഥ സാമ്പത്തികസ്ഥിതി ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനു ഗവണ്മെന്റിനു കഴിഞ്ഞിരിക്കുന്നു. സാമ്പത്തികമായി തകർന്ന കേരളത്തെ മുന്നോട്ട് നയിക്കുന്നതിന് ദിർഘവീക്ഷണത്തോടുകൂടിയ നടപടികളാണ് ഈ ഗവണ്മെന്റ് കൈക്കൊള്ളുന്നത്. കാർഷിക-തൊഴിൽ-വിദ്യാഭ്യാസമേഖലകളിൽ ആക്ഷേപത്തി നിടവരാത്ത രീതിയിലുള്ള തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് പുതിയ മെഡിക്കൽ-എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിക്കുന്നതിൽ സർവ്വകാല റിക്കാർഡാണ് സൃഷ്ടിച്ചിരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കരാറുകാർക്ക് കൊടുത്തുതീർക്കാനുണ്ടായിരുന്ന കുടിശിക കുറെയധികം കൊടുത്തു തീർക്കാനും സാമ്പത്തിക ഭദ്രത മെച്ചപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്. എ.ഡി.ബി. യെ എതിർക്കുന്നവർ എ.ഡി.ബി. വായ്പ എടുത്തിട്ടുള്ള ലോകത്തിലെ വികസ്വര രാഷ്ട്രങ്ങളുടെ പുരോഗതി

കാണണം. സംസ്ഥാനത്തെ മുഴുവൻ പൊതുമേഖലാസ്ഥാപനങ്ങളുടേയും കാര്യക്ഷമതയും കഴിവും വർദ്ധിപ്പിക്കു ന്നതിനും വിവര സാങ്കേതിക വിദ്യക്ക് അംഗീകാരം നേടാനും ഗവണ്മെന്റിനു കഴിഞ്ഞു. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടി ക്കാനുമുള്ള കാഴ്ചപ്പാടോടുകൂടി നടത്തിയ ഗ്ലോബൽ മീറ്റ് ശ്രദ്ധേയമാണ്. സംസ്ഥാനത്തെ തദ്ദേശഭരണസ്ഥാപനങ്ങൾക്കും സാമ്പത്തികസുസ്ഥിരത ഉറപ്പാക്കാൻ കഴിഞ്ഞിരിക്കുന്നു. കേരളത്തിലെ ജനങ്ങൾ ഈ ഗവണ്മെന്റിന് പിൻതുണ നൽകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

<u>**ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ**</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കോടിക്കണക്കിനു രൂപയുടെ കടക്കെണിയിലായിരുന്ന കേരളത്തെ പുരോഗതിയിലേയ്ക്ക് നയിക്കാനുള്ള നയപ്രഖ്യാപനമാണ് ഗവർണ്ണർ ഇവിടെ നടത്തിയത്. ഐ.ടി., ഉന്നതവിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ ഒരു കുതിച്ചുചാട്ടം തന്നെ ഈ ഗവണ്മെന്റ് നടത്തിയിരിക്കുന്നു. എ.ഡി.ബി. വായ്പയുടെ ആദ്യഗഡു വികസന കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാനുള്ള സംവിധാനമുണ്ടാക്കണം. ഗ്ലോബൽ മീറ്റുവഴി എല്ലാ രംഗത്തും വിദേശ–സ്വദേശ നിക്ഷേപം ആകർഷിക്കാൻ കഴിയുന്നത് ഒരു ചരിത്ര സംഭവമാണ്. അതുവഴി കേരളത്തിൽ വികസന രംഗത്തിന് പുതിയ മുഖം നൽകാൻ കഴിയും. ഗ്ലോബൽ 'ഇൻവെസ്റ്റർ' മീറ്റിൽ ഉരുത്തിരിഞ്ഞിട്ടുള്ള പദ്ധതികൾ നടപ്പിലാക്കാൻ ഗവണ്മെന്റ് തയ്യാറാകണം. ഉന്നത വിദ്യാഭ്യാസരംഗത്തും സ്വാശ്രയ മെഡിക്കൽ– എഞ്ചിനിയറിംഗ് കോളേജുകളിലും 50 ശതമാനം സീറ്റുകൾ മെരിറ്റടിസ്ഥാനത്തിൽ നീക്കിവയ്ക്കണം. ടൂറിസം രംഗത്ത് ഈ ഗവണ്മെന്റ് കൈവരിച്ച പുരോഗതി എടുത്തു പറയേണ്ടതാണ്. കയർ,

കൈത്തറി, കശുവണ്ടി തുടങ്ങിയ പരംപരാഗത മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ട് ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവണ്മെൻ മുൻകൈയെടുക്കണം. ഗ്ളോബൽ ഇൻവെസ്റ്റർ മീറ്റിലെ പദ്ധതികളിലും ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിലും തൃശൂർ ജില്ലയ്ക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല എന്ന വസ്തുതകൂടി കണക്കിലെടുക്കണം. ആഗോള നിക്ഷേപക സംഗമത്തിൽ വളരെയേറെ സ്റ്റേറ്റ് റോഡുകളുടേയും ബൈപാസ് റോഡുകളുടേയും വികസനത്തിനായുള്ള പദദ്ധതികൾ പ്രതിപാദിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട എൻ. എച്ച്. 47–ഉം എൻ. എച്ച്. 17–ഉം തമ്മിൽ ബന്ധിപ്പിക്കുന്ന തൃശൂർ–കാഞ്ഞാണി–കണ്ടശ്ശാംകടവ് റോഡിന്റെ പ്രൊപ്പോസൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവഗണിക്കപ്പെട്ടിരുന്നു. ആ റോഡിന് മുന്തിയ പരിഗണന നൽകണം. അതുപോലെ തന്നെ ചിമ്മിനി ഡാം വിഭാവന ചെയ്ത കാലത്ത് ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കുന്നതിനും ഉദ്ദേശിച്ചിരുന്നു. ഗ്ളോബൽ ഇൻവെസ്റ്റർ മീറ്റിൽ സ്വകാര്യ മേഖലയുമായി സഹകരിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ല. ആ പരിപാടി 'ജിം' ന്റേയോ സംസ്ഥാന ഗവൺമെന്റിന്റേയോ ആഭിമുഖ്യത്തിൽ ആരംഭിക്കണം. തൃശ്ശൂർ ജില്ലയിലെ മുഴുവൻ കർഷകർക്കുംകുടിവെള്ളം എത്തിക്കാൻ കഴിയുന്ന മുപ്ളി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കണം. ചിമ്മിനി ഡാമും പീച്ചിഡാമും തമ്മിൽ ഒരു കനാലോ പൈപ്പ് ലൈനോ വഴി ബന്ധിപ്പിച്ചാൽ ചിമ്മിനി ഡാമിലെ പാഴായിപ്പോകുന്ന നല്ലൊരു ഭാഗം ജലം പീച്ചി ഡാമിലേയ്ക്ക് എത്തിക്കാൻ കഴിയും. അതുപോലെ തന്നെ 7 കി. മീറ്റർ നീളവും 400 മീറ്റർ വീതിയും വരുന്ന ഏനാമാവ് കായലിൽ ഒരു ചെക്ക് ഡാം കെട്ടുകയാണെങ്കിൽ 6 ചതുരശ്ര കി. മീറ്റർ വിസ്തൃതിയുള്ള ഒരു വലിയ തടാകമുണ്ടാക്കിയെടുക്കാൻ

കഴിയും. അത് എത്രയും വേഗം പ്രാവർത്തിക മാക്കണം. തൃശൂർ ജില്ലയിൽ കെൽട്രോണിനുവേണ്ടി എടുത്തിട്ടുള്ള 200 ഹെക്ടറോളം ഭൂമി ഇന്നും ഉപയോഗശൂന്യമായി കിടക്കുകയാണ്. ഈ പ്രദേശത്ത് ധാരാളം വ്യവസായ സാദ്ധ്യതകളുണ്ട്. തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഉതകുന്ന പദ്ധതികൾ അവിടെ ആരംഭിക്കാൻ ശ്രമിക്കണം. തൃശൂർ മെഡിക്കൽ കോളേജ് ആരംഭിച്ചിട്ട് വർഷങ്ങളേറെ ആയിട്ടും അത് ഇന്നും ബാലാരിഷ്ടത യിലാണ്, ഫലത്തിൽ മെഡിക്കൽക്കോളേജും ജില്ലാ ആശുപത്രിയും അല്ലാത്ത അവസ്ഥയിലാണിപ്പോൾ ആ സ്ഥാപനം. അതുകൊണ്ട് മെഡിക്കൽകോളേജിന് ആവശ്യമായ ഇൻഫ്രാസ്ട്രക്ച്ചർ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ജില്ലാ ആശുപത്രി കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മെഡിക്കൽകോളേജിന്റെ ബ്ളോക്ക് മെഡിക്കൽകോളേജ് ആശുപത്രി കെട്ടിടത്തിലേയ്ക്ക് മാറ്റുകയും ജില്ലാ ആശുപത്രി പുന:സംഘടിപ്പിക്കുകയും വേണം. തൃശൂർ ജില്ലയിലെ കോൾ മേഖലയിൽ വലിയ മാറ്റം ഉണ്ടാക്കുന്ന കാര്യത്തിൽ സർക്കാർ പ്രത്യേക പരിഗണന നൽകണം. ട്രഷറി ബാൻ മൂലം കർഷകരുടെ ചെക്കുകൾ മാറ്റി കിട്ടാതെ ബുദ്ധിമുട്ടനുഭവിക്കുന്നു. കർഷകർക്ക് കൊടുത്തിരുന്ന വൈദ്യുതി ഇളവ് പുന:സ്ഥാപിക്കണം. തൃശൂർ ജില്ലയുടെ മൊത്തത്തിലുള്ള വികസന കാര്യങ്ങൾ ലക്ഷ്യമാക്കി ബഡ്ജറ്റിൽ ആവശ്യത്തിന് പണം നീക്കി വയ്ക്കണം.

**ശ്രീ. കെ. സി. വേണുഗോപാൽ**: നയപ്രഖ്യാപന പ്രസംഗത്തെ അനുകൂലിക്കുന്നു പതിവ് പ്രസംഗത്തിൽ നിന്നും വിഭിന്നമായി കേരള സമൂഹത്തിന്റെ ആശങ്കകൾ ദൂരീകരിച്ച് പ്രശ്നങ്ങൾക്ക് പരിഹാര മാർഗ്ഗങ്ങൾ തേടിയുള്ള യാത്രയ്ക്ക് തുടക്കം കുറിക്കുന്ന വിധത്തിലുള്ള ഒരു നയ പ്രഖ്യാപന പ്രസംഗമാണ് ഗവർണ്ണർ നടത്തിയിരിക്കുന്നത്. ലക്ഷക്കണക്കിന് ചെറുപ്പക്കാർക്ക് ജോലി കൊടുക്കും എന്ന് പ്രകടന പത്രികയിൽ വാഗ്ദാനം നൽകി

ഭരണകക്ഷിക്കുള്ള നെഗറ്റീവ് വോട്ടു നേടി ജയിച്ച് അധികാരത്തിൽ വന്നാൽ ഒരു ചെറുപ്പക്കാരനുപോലും ജോലി കൊടുക്കാനുള്ള സ്കീം നടപ്പാക്കുകയില്ലെന്നു മാത്രമല്ല, കേരളത്തിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ നൈരാശ്യബോധം കൊണ്ട് അവസാനം ആത്മഹത്യയിലേയ്ക്ക് പോകുന്ന അവസ്ഥയാണ് ഉള്ളത്. കേരളത്തിൽ നിക്ഷേപം നടത്തിയാൽ രക്ഷപ്പെടാൻ കഴിയുകയില്ലെന്നുള്ള നിലയിൽ പുറം നാടുകളിൽ ഇന്നുള്ള പ്രചരണത്തിന് മാറ്റമുണ്ടാകണം. അതിന് ശാശ്വത പരിഹാരം കാണാനുള്ള മാർഗ്ഗം നയപ്രഖ്യാപന പ്രസംഗത്തിൽ കാണുന്നുണ്ട്. കേരളത്തിലെ ചെറുപ്പക്കാരുടെ മികവുകൾ മനസ്സിലാക്കി വ്യവസായവും നിക്ഷേപവും ഇവിടെ കൊണ്ടുവരണം. നമുക്ക് പ്രകൃതി രമണീയമായ പ്രദേശങ്ങളുണ്ട്, നല്ല മാൻപവർ ഉണ്ട്. ഇവിടെ വ്യവസായ വൽക്കരണം നടത്താനുള്ള പരിശ്രമങ്ങളാണ് 'ജിം' ൽ സംസ്ഥാന ഗവൺമെന്റ് നടത്തിയത്. കേരളം വ്യാവസായികമായി പുരോഗതി കൈവരിക്കുക യില്ലെന്നുള്ള സങ്കൽപ്പം മാറ്റി മറിക്കാൻ ആ സമ്മേളനത്തിലൂടെ കഴിഞ്ഞു. ഐ. ടി. രംഗത്ത് നമുക്ക് മുന്നേറ്റമുണ്ടാക്കാൻ കഴിയണം. വിദ്യാഭ്യാസ സംപ്രദായത്തിൽ മാറ്റമുണ്ടാക്കുകയും കേരളത്തിലെ വിദ്യാർത്ഥികൾക്ക് ഇവിടെത്തന്നെ ഉന്നത വിദ്യാഭ്യാസം നേടാനുള്ള അവസരം സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ മറ്റൊരു കാലഘട്ടത്തിലും ഉണ്ടാകാത്ത വിധത്തിൽ മെഡിക്കൽകോളേജുകളും, എഞ്ചിനീയറിംഗ് കേളേജുകളും ഡെന്റൽ കോളേജുകളും നിലവിൽ വന്നിരിക്കുന്നു. അതിൽ അഴിമതി കാണിച്ചുവെന്ന് പറയാൻ എത്ര ശ്രമിച്ചാലും പ്രതിപക്ഷത്തിന് കഴിയുകയില്ല. നിയമ സമാധാനം ഇത്രയും ഭദ്രമായ ഒരു കാലഘട്ടം ഇതിന് മുൻപ് സംസ്ഥാന ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് ഏതെങ്കിലും കേസ്സിന്റെ നടത്തിപ്പിൽ രാഷ്ട്രീയ ഇടപെടലുകൾ ഉണ്ടായെന്നു പറയാൻ ആർക്കും

കഴിയുകയില്ല. അഴിമതി നിർമ്മാർജ്ജന ത്തിന്റെ ഭാഗമായി സബ് രജിസ്ട്രാർ ഓഫീസ്, ആർ. ടി. ഓഫീസുകൾ, സെയിൽസ്ടാക്സ് ഓഫീസ്, സ്പെഷ്യൽ ബ്രാഞ്ച് ഓഫീസ് എന്നിവിടങ്ങളിൽ വിജിലൻസ് റെയിഡ് നടത്തിയത് സർക്കാരിന്റെ നേട്ടമാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ കട ബാദ്ധ്യതയുണ്ടാക്കിയതും മിസ്മാനേജുമെന്റ് നടത്തിയതും ഇടതുപകക്ഷ ഗവൺമെന്റാണ്. ഇപ്പോൾ റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തെ രക്ഷപ്പെടുത്താനുള്ള ശ്രമത്തിന്റെ തുടക്കമാണ് ഗവർണ്ണറുടെ പ്രസംഗം.

**ശ്രീ. പി.സി. ജോർജ്ജ്** നന്ദിപ്രമേയത്തെ എതിർക്കുന്നു. കേരളത്തിലെ ജനങ്ങളെ കൂട്ടത്തോടെ വിൽക്കാനുള്ള ഒരു നയപ്രഖ്യാപന പ്രസംഗമാണ് ഗവർണ്ണർ ഇവിടെ നടത്തിയിട്ടുള്ളത്. വാർത്താമാധ്യമങ്ങളെ കയ്യിലെടുത്തു കൊണ്ട് സത്യവിരുദ്ധമായ പ്രചരണം നടത്തുന്ന മുഖ്യമന്ത്രി സംസ്ഥാനത്തിന്റെ യഥാർത്ഥ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ധവളപത്രം പുറപ്പെടുവിക്കണം. ഈ ഗവൺമെന്റിന്റെ നയങ്ങൾ പാവപ്പെട്ടവനു വേണ്ടിയുള്ളതല്ല. ഇവിടത്തെ 72 ശതമാനത്തോളം വരുന്ന പാവപ്പെട്ട ആളുകൾ പട്ടിണികൊണ്ട് മരിക്കാൻ പോകുകയാണ്. ഈ നയം തുടർന്നാൽ തൊഴിലാളികൾ ജീവിക്കാൻവേണ്ടി ആയുധമെടുക്കേണ്ട സ്ഥിതിവിശേഷമുണ്ടാകും. ഐ.ആർ.ഇ. യിലെ 76% ഓഹരികൾ വിൽക്കാൻ കേന്ദ്രഗവൺമെന്റ് തീരുമാനിച്ച് നോട്ടിഫൈ ചെയ്തതിനെ സംസ്ഥാന ഗവൺമെന്റ് എതിർക്കണം.

**ശ്രീ. കെ.സി.ജോസഫ്:** നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ വികസനത്തിനുവേണ്ടിയുള്ള സമഗ്രമായ ഒരു അജണ്ടയാണ് നയപഖ്യാപന പ്രസംഗം. 20 മാസം കൊണ്ട് സാമ്പത്തിക കമ്മി കുറയ്ക്കാൻ

ഈ ഗവൺമെന്റിന് കഴിഞ്ഞു. കടക്കെണിയിൽ നിന്നും സംസ്ഥാനത്തെ രക്ഷിക്കാൻ കഴിഞ്ഞത് വലിയ നേട്ടമാണ്. നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്താതെ വിദ്യാഭ്യാസ രംഗത്ത് പുതിയ മേഖലകൾ തുറക്കാൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞു. വികസന രംഗത്ത് ഒരു ലാഞ്ചിംഗ് പാഡായ ആഗോള നിക്ഷേപക സംഗമം.വഴി കോടിക്കണക്കിന് രൂപയുടെ പുതിയ നിക്ഷേപങ്ങൾ കേരളത്തിൽ നടത്താനുള്ള സാഹചര്യം ഉണ്ടായി. ജനങ്ങളുടെ മനോഭാവം വികസനത്തിന് അനുകൂലമായതുകൊണ്ട് ഇന്ന് കേരളത്തിൽ നിക്ഷേപങ്ങൾക്ക് സെക്യൂരിറ്റി ഉണ്ടായിരിക്കുകയാണ്. കഴിഞ്ഞ ഇടതുമുന്നണി ഗവൺമെന്റിന്റെ ഭരണകാലത്ത് കണ്ണൂർ ജില്ലയിൽ യാത്ര ചെയ്യണമെങ്കിൽ കനത്ത പോലീസ് സന്നാഹം ആവശ്യമായിരുന്നു. എന്നാൽ ഇപ്പോൾ കണ്ണൂരിൽ പോലീസ് സന്നാഹമില്ലാതെ യാത്ര ചെയ്യാമെന്നത് ക്രമസമാധാന നില ഭദ്രമാണ് എന്നുള്ളതിന് തെളിവാണ്. കേരളത്തിന്റെ സാമ്പത്തിക ഭദ്രത മെച്ചപ്പെടുത്താൻ. പ്രതിപക്ഷത്തിന്റെ ക്രിയാത്മകമായ സഹകരണമുണ്ടാകണം.

**<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ</u>**: നന്ദി പ്രമേയത്തെ എതിർക്കുന്നു. തികച്ചും നിരാശാജനകമായ ഒരു നയപ്രഖ്യാപന പ്രസംഗമാണ് ഗവർണർ നടത്തിയത്. ദുർബല ജനവിഭാഗങ്ങളുടെ ഉന്നമനത്തി നായുള്ള ഒരു ക്ഷേമ പദ്ധതിപോലും പരാമർശിച്ചിട്ടില്ല. കേരളത്തിലെ ജനങ്ങൾ പ്രക്ഷുബ്ധരും അസംതൃപ്തരുമാണ്. ഗവൺമെൻറ് തൊഴിലാളി വിരുദ്ധ നടപടികൾ വഴി തോട്ടം മേഖലയിലേയും കൈത്തറി, കയർ., കശുവണ്ടി എന്നീ പരംപരാഗത മേഖലകളി ലേയും ലക്ഷക്കണക്കിനു തൊഴിലാളികളെ കൊടുംദുരിതത്തിലേയ്ക്ക് തള്ളി വിട്ടുകൊണ്ടിരിക്കുന്നു. തൊഴിലാളികളേയും അദ്ധ്വാനിക്കുന്ന ജനവിഭാഗ ങ്ങളേയും മറന്ന് സങ്കുചിത താൽപര്യങ്ങൾ

നേടിയെടുക്കുന്നതിനുവേണ്ടിയുള്ള ഒരു നയമാണ് ഗവർണർ പ്രഖ്യാപിച്ചിട്ടുള്ളത്. സംസ്ഥാനത്തെ ജനങ്ങളെ അലട്ടുന്ന പ്രശ്നങ്ങളൊന്നും കണ്ടില്ലെന്നു നടിച്ചുകൊണ്ടാണ് മുഖ്യമന്ത്രി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം വിറ്റു തുലയ്ക്കുമെന്ന കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന്റെ ചുവടു പിടിച്ചുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റും നീങ്ങുന്നത്. ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷനും ഭാരത് പോട്രോളിയം കംപനിയും വിൽക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുത്തിരിക്കുന്നു. ഇക്കാര്യത്തിൽ കേരളത്തിലെ കോൺഗ്രസ് (ഐ) സമീപനമെന്താണെന്ന് വ്യക്തമാക്കണം. ഈ ഗവൺമെന്റിന്റെ നയം സംസ്ഥാനത്തെ ജനങ്ങൾക്ക് പ്രയോജനകരമല്ല ആർ.സി. ചൗധരി കമ്മിഷന്റെ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അതുപൊലെ നടപ്പാക്കാനാണ് സംസ്ഥാന ഗവൺമെന്റ് തീരുമാനമെടുത്തത്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന 14 പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടിയിടുകയോ സ്വകാര്യ മേഖലയ്ക്ക് കൈമാറുകയോ ചെയ്യണമെന്ന് തീരുമാനിച്ചത് ഈ ഗവൺമെന്റാണ്. ഈ ഗവൺമെന്റിന് വ്യക്തമായ ഒരു കാർഷിക നയമില്ല. ഈ നയപ്രഖ്യാപന പ്രസംഗത്തിൽ കർഷകർക്കുവണ്ടി ഒരു ചില്ലി കാശിന്റെ ആനുകൂല്യം പോലും പ്രഖ്യാപിച്ചിട്ടില്ല. ചിങ്ങമാസം ഒന്നാം തീയതി കർഷകദിനമായി ഗവൺമെന്റ് ആചരിച്ചപ്പോൾ കേരളത്തിലെ മലയോര മേഖലയിലെ കർഷകർ ഈ ഗവൺമെന്റിന്റെ വഞ്ചനാപരമായ നിലപാടിൽ പ്രതിഷേധിച്ച് ബന്ത് ആചരിക്കുകയാണ് ചെയ്തത്. വിദ്യാഭ്യാസ കച്ചവടത്തിന് ജാതി–മത സംഘടനകൾക്ക് വേദിയൊരുക്കുന്നതിന് നേതൃത്വം കൊടുക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. കൂത്തുപറംപ് സംഭവം നടന്ന് ഏഴെട്ടു വർഷം കഴിഞ്ഞ് ഇപ്പോൾ 88 പേരെ പ്രതിയാക്കി കേസ് ചാർജ്ജ് ചെയ്യാൻ

മുഖ്യമന്ത്രി മുൻകൈ എടുത്തിരിക്കുകയാണ്. കുറ്റവാളികൾ സംരക്ഷിക്കപ്പെടുന്ന സ്ഥിതിയുണ്ടാവരുത്. പൊതുവിതരണ മേഖലയിൽ മാവേലി സ്റ്റോറുകളും റേഷൻ ഷോപ്പുകളും പ്രവർത്തിക്കുന്നില്ല. അന്ത്യോദയ പദ്ധതിയുടെ ആനുകൂല്യം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാവർക്കും കിട്ടത്തക്ക വിധത്തിൽ തീരുമാനമെടുക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. സാമൂഹ്യ പെൻഷനുകൾ യഥാസമയം കൊടുക്കാൻ നടപടി സ്വീകരിക്കണം. ഭവന രഹിതരുടേയും സാംപത്തികമായി പിന്നോക്കംനിൽക്കുന്നവരുടേയും പ്രശ്ന ങ്ങൾക്ക് പരിഹാരം കാണണം. അക്രമങ്ങൾ തടയാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. ഇത്തരത്തിൽ അങ്ങേയറ്റം പിടിപ്പുകെട്ട, കെടുകാര്യസ്ഥതയുടെ പര്യായമായി മാറിക്കൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിന് അനുയോജ്യമായ ഒരു നയപ്രഖ്യാപനമാണ് ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയിട്ടുള്ളത്. ഇതിനോട് ഒരുതരത്തിലും യോജിക്കാൻ സാദ്ധ്യമല്ല. ജനങ്ങളെ ദ്രോഹിക്കാതിരിക്കാനെങ്കിലുമുള്ള ഒരു നയവുമായി ഗവൺമെന്റ് മുമ്പോട്ടുവരണം.

സഭ ഉച്ചയ്ക്കുശേഷം 2.25-ന് പിരിഞ്ഞു.